# ജ്ഞേന്

# ജേന്


**ചീഫ് എഡിറ്റർ**

പി. അബ്ദുൾ റസാഖ്
(പ്രിൻസിപ്പാൾ)

**എഡിറ്റർ**

കെ. കെ. സുരേന്ദ്രൻ

**കവർ**

രാജീവൻ എൻ. ടി.

**പ്രസാധനം**

**ഡയറ്റ് വയനാട്**
Web : www.dietwayanat.org
e-mail : dietwayanad@gmail.com


കുടിയേറ്റത്തിന് മുമ്പ് വയനാട് ആദിവാസികളുടേതു മാത്രമായിരുന്നു. കുടിയേറ്റത്തിന്ന് തദ്ദേശജനത ഒരു തരത്തിലും തടസ്സം നിന്നില്ലെന്നു മാത്രമല്ല അവരുടെ സാമ്പത്തിക വളർച്ചയിൽ നിർണായക പങ്ക് വഹിക്കുക കൂടി ചെയ്തു. ഇതിനിടയിൽ അവർക്ക് അവരുടെ ഭൂമിയും സ്വാഭാവിക ആവാസവ്യവസ്ഥയും നഷ്ടമാകുക കൂടി ചെയ്തു.

കുടിയേറ്റക്കാരുടെ ഭാഷയും സംസ്കാരവും വേരുറച്ച പ്പോൾ ആദിവാസി സംസ്കാരം പ്രാന്തവത്കരിക്കപ്പെട്ടു. അവരുടെ ആശ്രയമായിരുന്ന കാടും ശുഷ്കിച്ചതോടെ ആദിവാസികൾ വല്ലാത്തൊരു വിഷമസന്ധിയിലായി. മുഖ്യധാരയിലേക്ക് വരികയല്ലാതെ അവർക്കിനിമാർഗമില്ലെന്ന അവസ്ഥയായി. ആദിവാസി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരേണ്ടത് മറ്റ് വിഭാഗങ്ങളുടെ ധാർമികമായ കടമയാണ് സമുദായങ്ങൾ പുരോഗമിക്കുന്നതിന് അവരിൽ നിന്നുതന്നെ പരിഷ്കർത്താക്കൾ ഉണ്ടായിവരണം. അതിന് വിദ്യാഭ്യാസം അനിവാര്യമാണ്.

എന്തുകൊണ്ട് ആദിവാസികുട്ടികൾ സ്കൂളിൽ വരാൻമടിക്കുന്നു ? വന്നാലും എന്തുകൊണ്ട് സ്ഥിരമായി വരുന്നതിൽ വീഴ്ചവരുത്തുന്നു.? എന്തുകൊണ്ട് വ്യാപകമായി കൊഴിഞ്ഞുപോകുന്നു ? ഈ പ്രശ്നങ്ങൾക്കെന്താണ് പരിഹാരം ? വയനാട്ടിലെ വിദ്യാഭ്യാസ പ്രവർത്തകരെ അലട്ടുന്നതും ഉത്തരം കണ്ടെത്താൻ പ്രയാസമുള്ളതുമായ ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യാനുള്ള എളിയ ശ്രമത്തിന് വയനാട് ഡയറ്റ് തുടക്കം കുറിക്കുന്നു.

ആദിവാസി ജീവിതത്തെ അറിയാതെ, അവരുടെ ഭാഷയും സംസ്കാരവും മനസ്സിലാകാതെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. 2008ൽ ഇത്തരമൊരു ശ്രമത്തിന്റെ ഭാഗമായി വയനാട് ഡയറ്റ് പുറത്തിറക്കിയ 'നായം' കൈപുസ്തകവും അനുബന്ധ അധ്യാപക പരിശീലനവും പൊതുസമൂഹത്തിന്റെയും അധ്യാപകരുടെയും പ്രശംസ പിടിച്ചുപറ്റി. പ്രസ്തുത ശ്രമം നൽകിയ ആത്മവിശ്വാസത്തിൽ നിന്നുടലെടുത്തതാണ് കാട്ടുനായ്ക്ക സംസ്കാരത്തെക്കുറിച്ചുള്ള ജേന് എന്ന കൈപുസ്തകം. ആദിവാസി സംസ്കാരവും ഭാഷയും മനസ്സിലാക്കുവാനും, ആ വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാലയങ്ങൾ ആകർഷകമാക്കി മാറ്റുന്നതിനുള്ള ആശയങ്ങൾ സ്വായത്തമാക്കാനും അധ്യാപകരെ ഈ കൈപുസ്തകം സഹായിക്കും. സന്തോഷത്തോടും അഭിമാനത്തോടുംകൂടെ ഇത് ജില്ലയിലെ അധ്യാപക സമൂഹത്തിനു മുമ്പിൽ സമർപ്പിക്കുന്നു.

**പ്രിൻസിപ്പാൾ**
ഡയറ്റ്, വയനാട്

മുതിരാറില്ല. വനവും വനവിഭവങ്ങളും ഉപജീവനോപാധികളായി കണ്ട് സംരക്ഷിക്കുന്ന ഇവർ യഥാർത്ഥത്തിൽ കാടിന്റെ നായകൻമാർ തന്നെയാണെന്ന് പറയാം. ആദ്യകാലങ്ങളിൽ തേനും, കാട്ടു കിഴങ്ങുകളും, കായ്കനികളും ശേഖരിച്ചും ചെറിയ തോതിൽ നായാടിയും ഒക്കെയാണ് ഇവർ പുലർന്നു പോന്നത്. ഇക്കാലത്ത് പക്ഷെ ഇവരധികവും കൂലിപ്പണിയെ ആശ്രയിക്കേണ്ട അവസ്ഥയിലാണ്.  എങ്കിലും തേൻ, കൽപ്പാശം (ഒരു തരം മരപ്പൂപ്പൽ) പച്ച മരുന്നുകൾ എന്നിവ ശേഖരിച്ച് വിറ്റ് ഉപജീവനം നടത്തലും ഉണ്ട്. ഇവ വിനിമയം നടത്തുന്നതിനുള്ള സഹകരണ സംഘങ്ങളും സൊസൈറ്റികളും പരിമിതമായ തോതിലാണെ ങ്കിലും ഇവർക്ക് സഹായകരമാവുന്നുണ്ട്.

### ആചാരാനുഷ്ഠാനങ്ങൾ , കലകൾ

മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവരാണ് കാട്ടുനായ്ക്കർ. പരേതാത്മാക്കൾ തങ്ങളോടൊപ്പം ഉണ്ടാകു മെന്നാണ് വെപ്പ്. മൺമറഞ്ഞുപോയ പൂർവികരെയാണ് ഇവർ പ്രധാനമായും ആരാധിക്കുന്നത്. വൃക്ഷങ്ങൾ, സൂര്യൻ, ചന്ദ്രൻ എന്നിവയേയും ആരാധിക്കാറുണ്ട്. മാരി, ഓടൻ, ഓടത്തി, കുട്ടിച്ചാത്തൻ, തുടങ്ങിയ ദൈവീകശക്തികളെയും ഇവർ ആരാധിച്ചു പോരുന്നു. അനർത്ഥങ്ങളും, രോഗങ്ങളും മറ്റു പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ വെളിച്ചപ്പാടിന്റെ ശരീരത്തിൽ കുലദൈവം ഉറഞ്ഞ്തുള്ളി കാര്യങ്ങൾ പറയുന്നു. (ദൈവം കാണൽ എന്നാണ് ഇതിനു പറയുക.) പ്രസ്തുത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മൊതലി പരിഹാരക്രിയകൾ ചെയ്യുന്നു. ഇത്തരത്തിലുള്ള ഒട്ടനവധി ചടങ്ങുകൾ കുട്ടുനായ്ക്കർക്ക് കൈമുതലായിട്ടുണ്ട്.

ആഘോഷ വേളകളിൽ ഉപയോഗിക്കുന്ന മറ, കുഴൽ, തുടങ്ങിയ വാദ്യങ്ങളും, സംഗീതാത്മകമായ സ്തുതികളും വട്ടക്കളി, ആട്ടക്കളി തുടങ്ങിയ കലാരൂപങ്ങളും എല്ലാം കാട്ടുനായ്ക്കരുടെ കലാ സാഹിത്യ സമ്പന്നതയുടെ നിദർശന ങ്ങളത്രെ.





അധ്യായം 1

## കാട്ടുനായ്ക്കർ, ജീവിതവും സംസ്കാരവും

വൈവിധ്യ പൂർണമായ ജീവിത രീതികളുടേയും സംസ്കാര സവിശേഷതകളുടേയും ഉടമകളായ ആദിവാസി വിഭാഗങ്ങുടെ സംഗമ ഭൂമിയാണ് വയനാട്. പ്രകൃതിയോടിണങ്ങി വനകേന്ദ്രീ കൃതമായ ഗോത്ര ജീവിതം നയിച്ചിരുന്നവരായിരുന്നു ഈ ജന വിഭാഗങ്ങൾ. വയനാട്ടിൽ അധിവസിച്ചിരുന്ന  പതിനെട്ടിൽപ്പരം ഗോത്ര വിഭാഗങ്ങളിൽ കുറുമർ, കുറിച്യർ, മാതപുലയർ തുടങ്ങിയവർ കാർഷിക വൃത്തിയെ ആശ്രയിച്ചാണ് ഉപജീവനം നടത്തിയിരുന്നത്. കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ, കാടർ തുടങ്ങിയ ഗോത്ര വിഭാഗങ്ങൾ വനത്തെയും വന വിഭവങ്ങളെയും ആശ്രയിച്ചാണ് ജീവിത ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. ഇക്കൂട്ടരെ പ്രാക്തന ഗോത്ര വിഭാഗങ്ങൾ (primitive tribe) എന്ന പട്ടികയിലാണ് 1976– ലെ സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽ അംഗസംഖ്യ കൊണ്ട് മുന്നിട്ട് നിൽക്കുന്ന ഒരു വിഭാഗമാണ് ‘ കാട്ടുനായ്ക്കർ’. ഇവർ പ്രധാനമാ യും വയനാട് ജില്ലയിലാണ് അധിവസിച്ചിരുന്നത്. മലപ്പുറം കോഴിക്കോട് ജില്ലകളിലെ ചിലസ്ഥലങ്ങളിലും നാമമാത്രമായി ഇവ അധിവസിച്ചു വരുന്നു. സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പല കാരണങ്ങൾകൊണ്ടും പാർശ്വ വത്കൃത സമൂഹമായി നിലകൊള്ളുന്ന കാട്ടുനായ്ക്കർ വിദ്യാഭ്യാസപരമായി വളരേ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഒരു ആദിവാസി വിഭാഗമാണ്. ദ്രുതഗതിയിലുള്ള സാംസ്കാരിക പരിണാമത്തിന് വിധേയമായി കൊണ്ടിരിക്കുന്ന ഇവരുടെ തനത് ജീവിതവും സംസ്കാരവും മനസ്സിലാക്കുന്നതിലൂടെ മാത്രമെ വിദ്യാഭ്യാസ ശാക്തീകരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുകയുള്ളു.

### കാട്ടുനായ്ക്കർ

കേരളീയ സമൂഹം രൂപപ്പെടുന്നതിനും നൂറ്റാണ്ടുകൾക്ക് മുമ്പേ വയനാടിന്റെ വനാന്തരങ്ങളിൽ അധിവസിച്ചിരുന്ന ഒരു പ്രാചീന ഗോത്ര സമൂഹമാണ് ‘കാട്ടുനായ്ക്കർ ‘ കാടിന്റെ നായകർ’ (Lord) എന്ന അർത്ഥത്തിലായിരിക്കാം കാട്ടുനായ്ക്കർ എന്ന പദം

രൂപപ്പെട്ടതെന്ന് കരുതാം. തേൻ ശേഖരിക്കുന്നവർ എന്ന അർത്ഥത്തിൽ 'ജേനു കുറുമ്പർ' എന്നും ഇക്കൂട്ടർ അറിയപ്പെട്ടിരുന്നു. വടക്കേ വയനാട്ടിൽ ഇവർ തേൻ കുറുമർ എന്നാണറിയപ്പെടുന്നത്.

**അധിവാസ മേഖല**

കർണാടക, തമിഴ്നാട് അതിർത്തികളിലെ വന മേഖലകളിലാണ് കാട്ടുനായ്ക്കർ മുഖ്യമായും അധിവസിക്കുന്നത്. വനങ്ങളും വനവിഭവങ്ങളും വന്യജീവികളുമായും ഇഴുകിച്ചേർന്ന ഗോത്രവിഭാഗമാണ് ഇവർ. ഏതോ കാലത്ത് കർണാടകയിൽ നിന്നും കേരളത്തിലേക്ക് വന്നവരാണ് കാട്ടുനായ്ക്കർ. എന്തൊരഭിപ്രായമുണ്ട്. കർണാടകയിൽ ജേനുകുറുംബ എന്ന ആദിവാസി വിഭാഗമുള്ളതും കാട്ടുനായ്ക്ക ഭാഷയ്ക്കു കന്നടയുമായുള്ള സവിശേഷ സാമ്യവുമൊക്ക ആയിരിക്കാം ഈ വാദഗതിക്ക് അടിസ്ഥാനം. വയനാടിന് കർണാടകയുമാവി ആദിമ കാലത്തുതന്നെ അടുത്ത ബന്ധങ്ങൾ ഉണ്ടായിരുന്നു. പുന്നാട്ടിൽ നിന്നും എത്തിച്ചേർന്നിരുന്ന കച്ചവടക്കാരും അവരുടെ വിഭവങ്ങളുമെല്ലാം വയനാട്ടുകാർക്ക് സുപരിചിതമാണ്. സഞ്ചാരികളും വനവാസികളും ആയിരുന്ന ഇവർ ഇടയ്ക്കിടെ കർണാടകപ്രദേശങ്ങളിൽ പോയി താമസിക്കുന്ന ശീലവും പുലർത്തിയിരുന്നു. ഏതായാലും നമ്മുടെ പശ്ചിമഘട്ട വന പ്രദേശങ്ങളിൽ പ്രാചീന കാലം മുതൽ അധിവസിച്ചു വരുന്ന വരാണിവർ.

1991- ലെ സെൻസസ് പ്രകാരം കേരളത്തിലെ പ്രാക്തന ഗോത്ര വിഭാഗക്കാരായ കാട്ടുനായ്ക്കരുടെ ജനസംഖ്യ 12,155 ആണ്. (പുരുഷൻമാർ: 6271, സ്ത്രീകൾ: 5884) 1996 ൽ സംസ്ഥാന പട്ടികവർഗ്ഗ ഡയറക്ടറേറ്റ് നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം (Sowo- Economic Surv കാട്ടുനായ്ക്ക ജനസംഖ്യ 11,871 ആയി കുറഞ്ഞതായി കണ്ടു. (പുരുഷൻമാർ 5997, സ്ത്രീകൾ 5887) കനേഷുമാരി 2001 പ്രകാരം ഇവരുടെ ജനസംഖ്യ. 12039 ആണ് (പുരുഷന്മാർ 6052 സ്ത്രീകൾ 5987).





**കുടുംബ പശ്ചാത്തലം**

കാടിന്റെ നായകരാണ് കാട്ടുനായ്ക്കർ. കാടിന്റെ നൈസർഗ്ഗിക താളത്തിന് കോട്ടം തട്ടാതെ ഇണങ്ങിയാണ് ഇവർ ജീവിക്കുന്നത്. കാട്ടുനായ്ക്കർ അവരുടെ ആവാസ കേന്ദ്രങ്ങളെ 'കേരി' എന്നാണ് വിശേഷിപ്പിക്കുന്നത്. മുപ്പതും നാൽപ്പതും കുടുംബങ്ങൾ ഒക്കെ ഒരു കേരിയിൽ ഉണ്ടായിരിക്കും. വീടുകൾക്ക് 'മനെ' എന്നാണ് പറയുന്നത്. ഒരു മനെയിൽ തന്നെ വിവിധ കുടുംബങ്ങൾ താമസിക്കും. മുളകൊണ്ട് ഭിത്തിയും മേൽക്കൂരയും ഉണ്ടാക്കി പുല്ല് മേഞ്ഞ കുടിലുകളാണ് മനെകൾ. മുളമേഞ്ഞ ഭിത്തികൾ മണ്ണ് കുഴച്ച് തേച്ച് സുരക്ഷിതമാക്കുന്നു. ചെറിയ മുളവാതിലുകളും ഉയരം കുറഞ്ഞ മേൽക്കൂരകളുമുള്ള കുടിലുകൾ തണുപ്പും മഴയും ഏൽക്കാത്തവയാണ്. കൂട്ടം ചേർന്ന് താമസിക്കുക എന്നത് കാട്ടുനായ്ക്കരുടേയും പാരമ്പര്യമാണ്. നിരവധി കുടുംബങ്ങൾ ഒരുമയോടെ താമസിക്കുന്ന കേരിയിൽ കാട്ടുനായ്ക്കർ തങ്ങളുടെ ദൈവപ്പുര നിർമിക്കുന്നു. ആത്മീയ കാര്യങ്ങൾക്കൊപ്പം തന്നെ കാട്ടുനായ്ക്കരുടെ സാമൂഹ്യ ജീവിതത്തിലും പ്രസ്തുത ദൈവപ്പുരയ്ക്ക് സുപ്രധാനമായ പങ്കാണുള്ളത്. വർഷംതോറും മാരിപൂജ നടത്തുകയും ദൈവീകകർമ്മങ്ങൾ ചെയ്യുകയും സാമുദായികമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നത് ഇവിടെ വെച്ചാണ്.

കാട്ടുനായ്ക്കരുടെ സാമൂഹ്യവും സാംസ്കാരികവുമായ ജീവിതത്തിനും ആചാരാനുഷ്ടാനങ്ങൾക്കും നേതൃത്വം നൽകുന്നത് മൊതലിയാണ്. മൂപ്പനെ മൊതലി എന്നാണ് ഇവർ വിശേഷിപ്പിക്കുന്നത്. ഓരോ കേരിക്കും പ്രത്യേകം മൊതലി ഉണ്ടായിരിക്കും. സമുദായികമായ എല്ലാ ചടങ്ങുകളും പ്രധാന കാര്യങ്ങളും മൊതലിയെ അറിയിക്കേണ്ടതും അനുവാദം വാങ്ങേണ്ടതുമാണ്.

**ജീവിതരീതി**

ജീവിത രീതിയിലും ആചാരഅനുഷ്ടാനങ്ങളിലും തന്മയത്വം കാത്തു സൂക്ഷിക്കുന്നവരാണ് കാട്ടുനായ്ക്കർ. വനഭൂമി കയ്യേറുന്നതിനോ, വെട്ടിത്തെളിച്ച് കൃഷിചെയ്യുന്നതിനോ ഇവർ

ഇക്കൂട്ടർ വിമൂഖത കാണിക്കുന്നു. പ്രകൃതിയുമായി താദാത്മ്യം പ്രാപിച്ച് ജീവിച്ചുപോന്ന കാട്ടുനായ്ക്കർ കാട്ടുചെടികളുടേയും കായ്കനി കളുടേയും മൃഗാവശിഷ്ടങ്ങളുടേയും ഔഷധ ഗുണങ്ങൾ കണ്ടറിഞ്ഞിരുന്നു. വിഷ ചികിത്സ, ശിശു ചികിത്സ, പ്രസവ ചികിത്സ, മറ്റ് സാമാന്യ ചികിത്സകൾ എന്നിവയിലെല്ലാം ഇവർ വിദഗ്ധരത്രെ. പ്രതിഫലം ഈടാക്കാതെയാണ് ഇവരുടെ ചികിത്സ. പ്രത്യേക ഔഷധ സസ്യങ്ങൾ വളരുന്ന നിബിഡ വനങ്ങളും താഴവാരങ്ങളും ഇവർക്ക് സുപരിചിതമായിരിക്കും. ഇലയും ഇലനീരും പുല്ലും വള്ളികളും ഉപയോഗിച്ച് മാറാരോഗങ്ങൾ മാറ്റുന്ന കാട്ടുനായ്ക്കരുടെ വൈദ്യസമ്പത്തി നെക്കുറിച്ച് ഇനിയും ഏറെ അറിയാനും പറയാനുമുണ്ട്.

### പരമ്പരാഗത തൊഴിൽ

വിവിധതരം പരമ്പരാഗത തൊഴിലുകൾ തലമുറകളായി സംരക്ഷിച്ചു ജീവിച്ചു വരുന്നവരാണ് കാട്ടുനായ്ക്കർ. വനാന്തര ങ്ങളിൽ ജീവിക്കുന്ന ഇവരുടെ തൊഴിൽ പ്രധാനമായും കാടുമായി ബന്ധപ്പെട്ടും, കാടിനെ ആശ്രയിച്ചുകൊണ്ടുള്ളവയുമാണ്. വനവിഭവങ്ങൾ ശേഖരിക്കുക എന്നതാണ് മുഖ്യമായ തൊഴിൽ. ഇതിൽ പ്രധാനവും, വിചിത്രവുമായത് തേൻ ശേഖരണമാണ്. വിറക്, ഔഷധങ്ങൾ, കിഴങ്ങ്, കുന്തിരിക്കം, മരങ്ങളിലെ പൂപ്പൽ, മുളയരി എന്നിവയെല്ലാം ശേഖരിച്ച് സ്വന്തം ജീവിത ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും, മിച്ചം വരുന്നത് വിൽക്കുകയോ വരും നാളുകളിലേക്ക് സൂക്ഷിച്ച് വെയ്ക്കുകയോ ചെയ്തിരുന്നു.

കാലത്തിന്റെയും ജീവിത ശൈലികളുടേയും മാറ്റങ്ങളിലൂടെ ഇത്തരത്തിലുള്ള അവരുടെ പരമ്പരാഗത തൊഴിലുകളുടെ പ്രസക്തി മറക്കപ്പെടുന്നു. പകരം മറ്റുള്ളവരുടെ തൊഴിലാളികൾ മാത്രമായി ജീവിക്കാൻ അവരിന്നു പഠിച്ചു കഴിഞ്ഞിരിക്കുന്നു.

ഇന്ന് വെറും കൂലിപ്പണിയെ മാത്രം ആശ്രയിക്കുകയും അതിൽ നിന്നും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് ഉപജീവനം നയിക്കുകയും ചെയ്യുന്നു. ആഹാരം, പുകയില, മദ്യപാനം എന്നിവയിൽ മാത്രമൊതുങ്ങുന്നു അവരുടെ സ്വപ്നങ്ങൾ.





വന നിശബ്ദതതയെ ഭേദിക്കുന്ന ' കുളലിന്റെ' സംഗീതവും കാട്ടരുവികളുടെ താളത്തിനനുസരിച്ച് ഉയരുന്ന 'ജോട്ടുമാറിന്റെ' (ചെണ്ട) നാദവും കേരികളിൽ നിന്ന് ഉയരാറുണ്ട്. ദൈവപ്പുരകളിൽ കുടികൊള്ളുന്ന ആരാധനാമൂർത്തികൾക്കുള്ള ഉണർത്തു പാട്ടുകളും, ഓരോ സന്ദർഭത്തിനും അനുസരിച്ചുള്ള സ്തുതികളും, സവിശേഷ താളത്തിലുള്ള പ്രവചനങ്ങളും കല്പ്പനകളും വരെ കലാസമ്പന്നമാണ്.

### സംഗീത ഉപകരണങ്ങൾ

തനതായ സംഗീത ഉപകരണങ്ങൾ കൈമുതലായുള്ള വരാണ് കാട്ടുനായ്ക്കർ. തേക്കിന്റെയോ, പ്ലാവിന്റെയോ വേരിൽ തീർക്കുന്ന ആറ് സുഷിരങ്ങളുള്ള കുഴലും (കൊളല്) ഉലമരമൊ തേക്കോ ഉപയോഗിച്ച് നിർമ്മിക്കുന്ന മറയും (ചെണ്ട) ഇക്കൂട്ടരുടെ പ്രധാനപ്പെട്ട സംഗീത ഉപകരണങ്ങളാണ്. തമ്പെട്ടെയും വാദ്യമേളത്തിന് ഉപയോഗിക്കുന്നു. മാനിന്റെ തോലാണ് ഇവ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നത്.

### നൃത്ത രൂപങ്ങൾ

വിശേഷ അവസരങ്ങളിൽ പുരുഷൻമാർ കുന്നട്ടയും (വട്ടക്കളി) ഗഡഡിയാട്ടവും (കോൽക്കളി) കളിക്കുമ്പോൾ സ്ത്രീകൾ പ്രത്യേക തരത്തിലുള്ള നൃത്തം തോട്ടി തട്ടദ് (തോട്ടിക്കളി) ആകർഷകമായ ചുവടുകൾ വച്ച് കളിക്കുന്നു. അത്യാകർഷകവും സംഗീതാത്മകവുമായ ഈ കലാരൂപങ്ങൾ കാട്ടുനായ്ക്കരുടെ സാംസ്കാരിക ജീവിതത്തിൽ നിന്നും ഇഴപിരിക്കാനാവാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നവയാണ്. അടുത്ത കാലത്തായി ഈ കലാ, രൂപങ്ങൾ ഗോത്രകുടികളിൽ നിന്നും പൊതുവേദികളിലേക്ക് കുടിയേറിയിരിക്കുന്നുവെന്നത് യാഥാർ ത്ഥ്യമാണ്.

### ഭാഷ

തനിമകൊണ്ടും കന്നഡ സ്വാധീനം കൊണ്ടും സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ് കാട്ടുനായ്ക്ക ഭാഷ. മിക്ക ആദിവാസി ഗോത്രഭാഷകൾക്കും ആന്തരീകമായ ഘടനാബന്ധമുണ്ട്. ദ്രാവിഡ

ഭാഷകളിൽ തന്നെ കന്നഡ ഭാഷയുമായി ഏറെ സ്വാധീനം നായ്ക്ക ഭാഷയ്ക്കുണ്ട്. സവിശേഷമായ ഈ സാമ്യം തന്നെയാവാം കാട്ടുനായ്ക്കർ കർണാടകയിൽ നിന്നു വന്നവരാണെന്ന വാദത്തിന്റെ ഒരു പ്രധാന കാരണം.

ദക്ഷിണേന്ത്യയിലെ വനപ്രദേശങ്ങളിൽ നവീന ശിലായുഗ കാലത്തുതന്നെ മനുഷ്യ സമൂഹം പുലർന്നിരുന്നുവെന്നു നരവംശശാസ്ത്രജ്ഞർ പറയുന്നു. കേരളത്തിലെ ഏറ്റവും പ്രാചീന ജനത വയനാടൻ മേഖലകളിലായിരുന്നുവെന്നും നിഗമനമുണ്ട്. കർണാടക കേരള അതിർത്തി പ്രദേശങ്ങളിൽ പരസ്പരം ഇടപഴകിയും സഞ്ചരിച്ചും കഴിഞ്ഞുപോന്ന ജന സമൂഹത്തിന്റെ പിൻതലമുറകളാണ് ഇന്നത്തെ കാട്ടുനായ്ക്ക വിഭാഗം എന്ന് അനുമാനിക്കാം. വയനാടിന്റെ മറ്റുപ്രദേശങ്ങളി ലേക്കും, കർണാടക മേഖലകളിലേക്കും ഇവർ കാലക്രമത്തിൽ വ്യാപിച്ചു. ജീവിതവും ഭാഷയും കാലാന്തരത്തിൽ വികസിച്ച് സവിശേഷ രൂപമാർന്നു. മറ്റു ഗോത്രഭാഷകൾക്കെന്നതുപോലെ കാട്ടുനായ്ക്ക ഭാഷയ്ക്കും ലിപികളില്ല. ത്വരിതവും താളാത്മക വുമായ ഉച്ചാരണവും സമൃദ്ധമായ വാമൊഴി സാഹിത്യവും നായ്ക്ക ഭാഷകളുടെ പ്രത്യേകതകളത്രെ. ആകർഷകമായ പാട്ടുകളും കഥകളും സ്തുതികളും മറ്റും ഈ സാഹിത്യത്തിന്റെ അമൂല്യങ്ങളായ ഈടു വയ്പ്പുകളാണ്. ഒരു പ്രാദേശിക ഭാഷയ്ക്കുവേണ്ട പദസമ്പത്ത് ഇതിനുണ്ട്. ഭാഷയിൽ അനുനാസിക ശബ്ദങ്ങൾ സമൃദ്ധമാണ്. മലയാളത്തിലെ അതിഖര ശബ്ദങ്ങൾ ഒന്നും ഉപയോഗിക്കുന്നില്ല എന്ന് തന്നെ പറയാം. ലിംഗവും വചനവും അനുസരിച്ച് ക്രിയാരൂപങ്ങൾ മാറുന്നുവെന്നത് ഈ ഭാഷയുടെ പ്രത്യേകതയാണ്. ലിപിയില്ലാ ത്തതിനാൽ തന്നെ അനന്യമായ വിജ്ഞാന സമ്പത്തും സാഹിത്യ രൂപങ്ങളുമുള്ള ഈ പ്രാക്തന ഭാഷയുടെ വൈശിഷ്ട്യങ്ങൾ തലമുറ കഴിയുംതോറും നമുക്കു കൈമോശംവന്നു കൊണ്ടിരിക്കുന്നു.

## വിദ്യാഭ്യാസം

ആദിവാസി മേഖലകളിലെ വിദ്യാഭ്യാസ കാര്യങ്ങളിൽ





സർക്കാരും മറ്റേജൻസികളും ശ്രദ്ധപതിപ്പിക്കുന്നുവെങ്കിലും പട്ടിക വർഗ്ഗക്കാരുടെ ദേശീയ തലത്തിലെ സാക്ഷരതാ ശതമാനം 47.10 ആണ്. കേരളത്തിലേതാകട്ടെ 64.35 മാത്രം. 1996-97 ലെ സോഷ്യോ-ഇക്കണോമിക്-സർവ്വെ അനുസരിച്ച് പ്രാക്തന ഗോത്ര വിഭാഗ ക്കാരുടെ സാക്ഷരത 26.10 ആണ്. കാട്ടുനായ്ക്കരുടേത് കേവലം 20.77 മാത്രമാണ്. ഇതിൽ 28.5 ശതമാനത്തിന് മാത്രമെ സ്കൂൾ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളു. വിദ്യാഭ്യാസ നിലവാരത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ആദിവാസി വിഭാഗം കാട്ടുനായ്ക്കർ തന്നെയാണെന്നു പറയാം. വാസസ്ഥലത്ത് വിദ്യാലയങ്ങളുടെ അഭാവം പഠനമാധ്യമത്തിന്റെ പ്രശ്നങ്ങൾ, സാമ്പത്തിക പിന്നോക്കാവസ്ഥ, രക്ഷിതാക്കളുടെ അരക്ഷിതാ വസ്ഥ, തുടങ്ങിയ നിരവധി കാരണങ്ങൾകൊണ്ട് കാടിന്റെ മക്കൾ ഭൂരിഭാഗവും വിദ്യാലയങ്ങളിൽ നിന്നും ഇന്നും അകലെയാണ്.

നൂൽപ്പുഴ പഞ്ചായത്തിലെ കല്ലൂരിൽ +2 വരെയുള്ളവർക്കായി മാതൃകാ ആശ്രമ വിദ്യാലയം പ്രവർത്തിക്കുന്നു. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ചോലനായ്ക്കർക്കുള്ള റസിഡൻഷ്യൽ സ്ക്കൂളിലും കാട്ടുനായ്ക്ക വിദ്യാർത്ഥികൾക്ക് പഠന സൗകര്യ ങ്ങൾ ഉണ്ട്. വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വളണ്ടിയർമാരും മറ്റ് സാമൂഹ്യ പ്രവർത്തകരും ഇത്തരം സൗകര്യങ്ങൾ കാട്ടുനായ്ക്ക വിഭാഗത്തെ പരിചയപ്പെടുത്തുവാൻ തയ്യാറാകണം. ഗോത്ര സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ടും അവരെ വിശ്വാസത്തിലെടുത്തുകൊണ്ടുമുള്ള ഇടപെടലുകളും പദ്ധതികളുമാണ് ഉണ്ടാകേണ്ടത്. ആദിവാസി സൗഹൃദ വിദ്യാലയങ്ങളുടേയും പാഠ്യപദ്ധതികളുടേയും പ്രസക്തി ഏറെയാണിവിടെ.

## ചികിത്സയും നാട്ടറിവും

തലമുറകൾ കൈമാറിവന്ന ജ്ഞാന പാരമ്പര്യം കൈവെടിയാതെ കാത്തുപോന്ന ഇക്കൂട്ടരിൽ പലരും നല്ല ചികിത്സകരും നാട്ടറിവുകളുടെ കലവറകളുമാണ്. നിരീക്ഷണ പരീക്ഷണങ്ങളിലൂടെയും സംവാദങ്ങളിലൂടെയും മറ്റും സ്വായത്തമാക്കിയ അറിവുകൾ പൊതുവെ വെളിപ്പെടുത്തുന്നതിൽ

## കിഴങ്ങ് ശേഖരണം

ഭക്ഷണത്തിന് ആവശ്യമായ വിവിധയിനം കിഴങ്ങുകൾ കാട്ടുനായ്ക്കർ കാടുകളിൽനിന്നും ശേഖരിക്കുന്നു. ഇത്തരത്തിലുള്ള കിഴങ്ങുകൾ ആരോഗ്യപരിപാലനത്തിന് നല്ലതും രോഗപ്രതിരോധശേഷി ഉണ്ടാക്കുന്നതുമാണ്.

നൂറെ, ബ്ണ്ണി, കവലെ, എക്ക്, നാറ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളാണ് ഇവർ പ്രധാനമായും ശേഖരിക്കുന്നത്. കിഴങ്ങ് കുഴിച്ചെടുക്കുന്നതിനായി കാരെകോപ് (കാരമരത്തിന്റെ കമ്പ് ചെത്തി കൂർമ്പിച്ചതാണ്) ഉപയോഗിക്കുന്നത്. കിഴങ്ങ് വള്ളികൾക്ക് ഒരടി അകലത്തിൽ കുഴിച്ച് ചെടിക്ക് വളരുവാൻ ആവശ്യമായത്ര ഭാഗം അവശേഷിപ്പിച്ച് തങ്ങൾക്ക് ആവശ്യമായത് മാത്രമേ ഇവർ ശേഖരിക്കാറുള്ളൂ. കാട്ടുകിഴങ്ങുകളും മാംസവും ഒരുമിച്ച് പാകം ചെയ്തെടുക്കുന്ന ഗോത്രഭക്ഷണം വളരെ സ്വാദിഷ്ടമാണ്.

## ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ

ഓരോ ആദിവാസി ഗോത്രങ്ങൾക്കും സവിശേഷമായ ആചാരാനുഷ്ഠാനങ്ങളും, കലാരൂപങ്ങളുമുണ്ട്. മനുഷ്യന്റെ ജനനം മുതൽ മരണംവരെയുള്ള ഓരോ ഘട്ടങ്ങളിലും വ്യത്യസ്തങ്ങളായ ചടങ്ങുകളും, ആചാരങ്ങളും, കലാരൂപങ്ങളും അവർ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഒരു ഗോത്രം മറ്റൊരു ഗോത്രത്തേക്കാൾ വ്യത്യസ്തമായ രീതിയിലാണ് ആചാരങ്ങൾ അനുഷ്ഠിക്കുന്നത്. മറ്റ് ഗോത്ര സമൂഹങ്ങളെപോലെ കാട്ടുനായ്ക്കരും തന്മയത്വം നിറഞ്ഞതും വ്യത്യസ്തവുമായ ആചാരാനുഷ്ഠാനങ്ങളും കലാരൂപങ്ങളും കൈമുതലായിട്ടുള്ളവരാണ്. ജനനത്തിനും മരണത്തിനും ജീവിതത്തിലെ പ്രധാനപ്പെട്ട മറ്റ് ആഘോഷങ്ങൾക്കും രോഗശുശ്രൂഷകൾക്കും വിവിധതരം ചടങ്ങുകളും മന്ത്രവാദവും അവർ ചെയ്യുന്നു. ഓരോ ആചാരങ്ങൾക്കും, ചടങ്ങുകൾക്കും, ആഘോഷങ്ങൾക്കും പ്രത്യേകമായുള്ള പേരുകളുമുണ്ട്.

## ജനനം

സാധാരണമായി വീടുകളിൽതന്നെയാണ് പ്രസവം





നാളേയ്ക്ക് കരുതിവെയ്ക്കുക എന്ന ചിന്ത ഇല്ലാതായികൊണ്ടിരിക്കുന്നു.

സാമൂഹിക പരിവർത്തനത്തിന് വിധേയമാകാൻ വിമുഖത കാണിക്കുന്നവരാണ് ഭൂരിപക്ഷമാളുകളും. സാങ്കേതിക വിദ്യയുടെ കടന്നുവരവിലൂടെ കൂലിപ്പണികൾപോലും നഷ്ടപ്പെടുന്ന ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിലൂടെയും മറ്റും പുതിയൊരു മാറ്റം ആവശ്യം തന്നെയാണ്.

## നായാട്ടും മീൻപിടിക്കുന്ന രീതികളും

കാട്ടുവാസികളായ നായ്ക്കരുടെ ജീവിതത്തിൽ നായാട്ടിന് മുഖ്യമായ പങ്കുണ്ട്. ആവശ്യത്തിൽ കവിഞ്ഞ് ഒരു മൃഗത്തെയോ, ജീവിയേയോ, കാടിനേയോ നശിപ്പിക്കുകയോ ദുരുപയോഗിക്കുകയോ അല്ല നായാട്ടിലൂടെ ഇവർ ചെയ്തിരുന്നത്. പ്രധാനപ്പെട്ട ഒരു ഉപജീവന മാർഗ്ഗമാണ് ഇവർക്ക് നായാട്ട്. നായാട്ടിനു പോകുമ്പോൾ പ്രത്യേകതരം ആയുധങ്ങളും, ഉപകരണങ്ങളും ഇവരുടെ കൈവശമുണ്ടാകും. അതുപോലെ നായാട്ടുപാട്ടുകളും പ്രധാനമാണ്. ഈ നായാട്ടുപാട്ടുകളോടു കൂടിയാണ് നായാട്ട് നടത്തുന്നത്. കാട്ടിൽ പ്രവേശിക്കുന്നതിന് മുൻപ് പൂജാകർമ്മങ്ങളും ചെയ്യുന്നു.

## നായാട്ടിനുപയോഗിക്കുന്ന ആയുധങ്ങളും, ഉപകരണങ്ങളും

മറക്ഡ്ഡി - (മരത്തടികളിൽ നിന്നുമുണ്ടാക്കുന്ന വടികൾ)

മ്ൺട്ടെമുട്ടമ്പ് - (കട്ടിയുള്ളതും, ചെറിയ ദ്വാരങ്ങളോടും കൂടിയ മുളകൊണ്ടുണ്ടാക്കുന്നു.)

*കൃത്യമായ അളവുകളോടു കൂടി മുളയിൽ നിർമിക്കുന്ന രണ്ട് തരത്തിലുള്ള വില്ലുകൾ നായാട്ടിന് പ്രധാനപ്പെട്ടതാണ്.*

എച്സബില്ല് - (എയ്യാൻ ഉപയോഗിക്കുന്ന വില്ല്)

ബ്ഡ്ഡിബില്ല് , കായ്ബില്ല് - (ഉരുണ്ട കല്ലുപയോഗിച്ച് ബെറിക്കുന്ന വില്ല്)

ഇവ കൂടാതെ പലതരത്തിലുള്ള കെണികളും നായാട്ടിനായി

ഉപയോഗിക്കുന്നു. കൂട്ടമായി വരുന്ന പക്ഷികളെ കൂട്ടത്തോടെ പിടികൂടാൻ കെ്ളി (വെളഞ്ഞിക്കോൽ) എന്ന കെണി മരച്ചില്ലകളിൽ വെക്കുന്നു. വെരുക്, കൂറ്റൻപന്നി, കാട്ടാട്, കാട്ടുകോഴി, തുടങ്ങിയ മൃഗങ്ങളെ പിടിക്കാൻ ബ്സ്ലി എന്ന കെണിയും ഉപയോഗിക്കുന്നു.

## മീൻ പിടിക്കുന്നരീതി

മത്സ്യങ്ങളെ പിടിക്കാനും വളരെ വിദഗ്ദ്ധരാണ് ഇവർ. പുഴകളിലും തോടുകളിലും വെള്ളം കെട്ടി നിർത്തി, മീനുകളെ മയക്കുന്നതിനുള്ള കായ്കളും വള്ളികളും ചതച്ച് വെള്ളത്തിലിട്ട് മീൻ പിടിക്കുന്നു. ഇപ്പോൾ കാട്ടു മരുന്നുകൾ ഇല്ലാതെ തന്നെ വെള്ളം കെട്ടിനിർത്തി അതു കോരിവറ്റിച്ച് മീൻ പിടിക്കുന്ന സമ്പ്രദായമാണുള്ളത്.

## തേൻ ശേഖരണം

തേൻ ശേഖരിക്കുന്നതിൽ കാട്ടുനായ്ക്കരോളം വൈദഗ്ധ്യം മറ്റൊരു ആദിവാസി വിഭാഗത്തിനും ഇല്ല. കാലാവസ്ഥകൾ നോക്കാതെ ഏതു തരത്തിലുള്ള വൃക്ഷത്തിൽനിന്നും തേൻ ശേഖരിക്കാനുള്ള കഴിവ് ഇവർക്കുണ്ട്. ജേന് (കൊമ്പുതേൻ, വലിയ തേൻ) തുഡെ (പുറ്റുതേൻ) നെസറ് (ചെറുതേൻ) ക്ഡ്ജേന് (കടന്നൽ) തുടങ്ങിയ വിവിധയിനം തേനുകൾ ശേഖരിക്കുകയും സംസ്കരിച്ചു സൂക്ഷിക്കുകയും ആവശ്യത്തിൽ അധികമുള്ളത് ഒരു വരുമാനമാർഗമായി വിൽക്കുകയും ചെയ്യുന്നു.

## തേനെടുക്കുന്ന വിധം

തേനെടുക്കുന്നതിന് ഒറ്റയ്ക്കും കൂട്ടമായുമാണ് ഇവർ പോകുന്നത്. തേനുള്ള മരങ്ങൾ കണ്ടതിനുശേഷം തേനെടുക്കുന്നതിന് കാട്ടിൽ നിന്നും ഏണിയും ചൂട്ടും ഉണ്ടാക്കുന്നു.

കാട്ടിലെ ഉണങ്ങിയ ചുള്ളിക്കമ്പുകൾ എടുത്ത് അതിൽ തീ അധികമാകാതിരിക്കാനും പെട്ടെന്ന് കത്തിതീരാതിരിക്കാനും കണിക്കൊന്നയുടെ പചപ്പ് കെട്ടി ചൂട്ട് ഉണ്ടാക്കുന്നു. ചൂട്ട് കത്തിച്ച് തേൻകൂടിന്റെ അടിഭാഗത്ത് പുകയ്ക്കുന്നു. ഇത് പ്രധാനമായും ഈച്ചകളെ കൊല്ലാതെ അകറ്റി നിർത്തി തേനെടുക്കാൻ ഉപകരിക്കുന്നു. ഈ സമയം തീയിൽ തേനീച്ചകൾ ചത്തുപോകാ





തിരിക്കാൻ വളരെയധികം ശ്രദ്ധിക്കും. പുകയുടെ സഹായത്താൽ തേനീച്ചകൾ മാറിക്കഴിഞ്ഞാൽ തേനുള്ള അറയും കുഞ്ഞുങ്ങളുള്ള അറയും വേർതിരിച്ചെടുക്കുന്നു. ചില അറയിൽ പ്രായപൂർത്തിയായ കുഞ്ഞുങ്ങൾ ഉണ്ടാവും. അതിനെ അറയിൽനിന്നും സുരക്ഷിതമായി പുറത്തേക്ക് എടുത്തുവിടുന്നു.

## തുഡെ (പുറ്റുതേൻ) എടുക്കുന്നവിധം

പുറ്റിൽ മാത്രം ധാരാളം കാണുന്നതുകൊണ്ടാണ് പുറ്റുതേൻ എന്നു പറയുന്നത്. എങ്കിൽ ഇത് മരപ്പൊത്തിലും കാണാറുണ്ട്. ഇത് പുറ്റിലോ മരത്തിന്റെ പൊത്തിലോ കണ്ടാൽ പൊത്തിലുള്ള ഈച്ചകളെ അകറ്റി നിർത്തുന്നതിനുവേണ്ടി വളരെപതുക്കെ പൊത്തിലേക്കൂതുന്നു. ശേഷം ഒരു അട അടർത്തിയെടുക്കുന്നു. ആ അട എടുത്തു കഴിഞ്ഞാൽ പൊത്തിനകത്തുള്ള ഈച്ചകൾ പൂർണ്ണമായും അകന്നു നിൽക്കുന്നു. ഈ സമയത്ത് എല്ലാ അടകളും നിഷ്പ്രയാസം അടർത്തിയെടുക്കാവുന്നതാണ്.

## നെസറ് (ചെറുതേൻ) എടുക്കുന്നവിധം

വ്യാപകമായി കാണപ്പെടുന്ന ഒന്നാണ് നെസറ്(ചെറുതേൻ) ഇത് പ്രധാനമായും ഉണങ്ങിയ മരത്തിന്റെ പൊത്തുകളിലും പുറ്റിലും, ഉണങ്ങിയ മുളകളിലും വീടിന്റെ ഭിത്തികളിലും ഇതുപോലെ മറ്റു സ്ഥലങ്ങളിലുമാണ് കാണപ്പെടുന്നത്. ഏത് സമയത്തും തേൻ ശേഖരിച്ചുവെക്കാനുള്ള കഴിവ് ഈ തേനീച്ചകൾക്കുണ്ട്. വെട്ടി പൊത്ത് ഉണ്ടാക്കിയാണ് മരത്തിൽ നിന്ന് തേനെടുക്കുന്നത്. ഉണക്കമുളയിലാണെങ്കിൽ മുള രണ്ടായി പൊളിച്ച് തേനെടുത്തതിനുശേഷം അതിന്റെ വിരിയാത്ത കുഞ്ഞുങ്ങളെ അതിനുള്ളിൽ നിക്ഷേപിച്ച് അതിന്റെ മെഴുകുകൊണ്ട് ഭദ്രമായി ഒട്ടിച്ച് കാടിനുള്ളിൽതന്നെ തിരിച്ചുവെക്കുകയോ വളർത്തുവാനായി എടുത്തുകൊണ്ട് വരുകയോ ചെയ്യും. ഈ ഒരു പ്രക്രിയ തേനീച്ചകൾ മറ്റു സ്ഥലങ്ങളിലേക്ക് പോകാതിരിക്കാനും വീണ്ടും ഇതേ കൂട്ടിനുള്ളിൽ തന്നെ തേനെടുക്കാനും സഹായിക്കും.

പുതച്ച് മൂടിക്കിടത്തി നിലവിളക്കും ചന്ദനത്തിരിയും കത്തിച്ചുവെയ്ക്കുന്നു. മരിച്ചവരെ അടക്കുന്നതിന് പ്രത്യേകമായി ശ്മശാനം ഉണ്ട്. ഇത് അധികവും കാടിനുള്ളിലാണ്. മുമ്പ് ഇതേ കുടുംബത്തിലെ ആരെങ്കിലും മരിച്ചിട്ടുണ്ടെങ്കിൽ അവരെ മറവുചെയ്തതിനരികിൽ ഇപ്പോൾ മരിച്ച വ്യക്തിയെ മറവുചെയ്യാനുള്ള കുഴി തയ്യാറാക്കാൻ മൊതലി നിർദ്ദേശിക്കുന്നു. മൊതലി കുഴിയെടുക്കൽ തുടങ്ങിക്കൊടുക്കുന്നു. പിന്നീട് മറ്റുള്ളവർ കുഴിയുടെ പണി പൂർത്തിയാക്കുന്നു. കുഴി എടുത്ത് കുഴിയുടെ ഇടതുവശത്തായി ഒരു അറ ഉണ്ടാക്കുന്നു. ഈ അറയിലാണ് മൃതദേഹം വെക്കുന്നത്.

ഈ സമയത്ത് വീട്ടിൽ മൃതദേഹം കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ച് മഞ്ചലിൽ കിടത്തുന്നു. സ്ത്രീകളാണെങ്കിൽ ആഭരണം അണിയിക്കുന്നു. മുളകൊണ്ടുണ്ടാക്കിയ മഞ്ചലിൽ കിടത്തിയ തിനുശേഷം മഞ്ഞൾ വെള്ളം മൃതദേഹത്തിൽ തളിക്കുന്നു. മഞ്ചലുമായി വീടിനു ചുറ്റും മൂന്നു വട്ടം ചുറ്റുന്നു. ആ സമയത്ത് മൊതലി മുമ്പിൽ നടക്കുന്നു. മൃതദേഹം മറവുചെയ്യാനായി കൊണ്ടുപോകുമ്പോൾ ഒരാൾ മുറത്തിൽ നെല്ലുമായി അനുഗമിക്കുന്നു. ഈ സമയത്ത് നെല്ലുവാരി പുറകിലേക്ക് വിതറുന്നു. ശ്മശാനത്തിൽ എത്തിയിട്ട് കുഴിയുടെ ചുറ്റും ഏഴുതവണ മഞ്ചലുമായി ചുറ്റുന്നു. ശേഷം മൃതദേഹം കുഴിയിലേക്ക് ഇറക്കുന്നു. കുഴിയുടെ അരികിലായി എടുത്ത അറയിലേക്ക് മൃതദേഹം ചെരിച്ചുകിടത്തുന്നു. മൃതദേഹം വീഴാത്തവിധം കമ്പുകൾ അടിച്ചുറപ്പിച്ച് പച്ചിലച്ചപ്പുകൾ കൊണ്ട് മറയ്ക്കുന്നു. മരിച്ച ആൾ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ, വസ്ത്രങ്ങൾ, എന്നിവ കുഴിയിൽ ഇട്ടതിന് ശേഷം മൊതലി (മൂപ്പൻ) ആദ്യം ഒരു പിടിമണ്ണ് കുഴിലേയ്ക്കിടുന്നു. ശേഷം ഓരോരുത്തരും, ഓരോ പിടി മണ്ണ് ഇടുന്നു. അതു കഴിഞ്ഞ് കുഴിമൂടുന്നു. പിന്നീട് മഞ്ചല്പെട്ടി അടുത്തെവിടെയെങ്കിലുമിടുന്നു. ഒരു പാത്രം തുളച്ച് തലയുടെ ഒരു വശത്ത് വെക്കുന്നു. അതിന്റെ അടുത്തായി ഒരു കല്ലും. അതിനുശേഷം എല്ലാവരും കുളിച്ച് മരിച്ച വീട്ടിൽ വന്ന് പന്തം (കുന്തിരിക്കം) പുകച്ച് ഓരോരുത്തരും പിരിഞ്ഞുപോകുന്നു. ഈ





നടത്തുന്നത്. പരിചയസമ്പന്നരായ സ്ത്രീകൾ പ്രസവസമയത്ത് സഹായിക്കുന്നു. ഒരു മാസത്തോളം അമ്മയും കുഞ്ഞും മുതിർന്ന സ്ത്രീകളുടെ പരിചരണത്തിൽ കഴിയുന്നു. ഈ സമയത്ത് പുരുഷൻമാർ ഇവരെ സന്ദർശിക്കാറില്ല. ഏകദേശം ഒരു മാസം കഴിയുമ്പോൾ അമ്മയേയും കുഞ്ഞിനേയും പ്രത്യേകം കുളിപ്പിക്കുന്നു. ഈ ചടങ്ങിന് ഒള്ളെനീര് മിയ്സദ് എന്നു പറയുന്നു. ഈ ദിവസം ചെറിയൊരു സദ്യ ഒരുക്കുന്നു. കുട്ടിയുടെ വളർച്ചാഘട്ടത്തിൽ എപ്പോഴെങ്കിലും കുട്ടിയുടെ സ്വഭാവ പ്രകൃതിക്കനുസരിച്ച് അല്ലെങ്കിൽ ശരീരപ്രകൃതത്തിനനുസരിച്ച് പേരിടുന്നു. (കറുത്ത നിറമുള്ളവന് കരിയൻ എന്നും കറുത്ത നിറക്കാരിയെ കരിക്കി എന്നും വെളുത്ത നിറക്കാരൻ ബ്ളെള, മെലിഞ്ഞ ശരീരമുള്ളവൻ ഒണക്കൻ)

## തിരണ്ട് കല്ല്യാണം (നർദമൊദെ)

ഒരു കുടുംബത്തിലെ പെൺകുട്ടി ഋതുമതിയായാൽ കുട്ടിയുടെ ബന്ധുക്കൾ കാരണവരേയും (മൊതലിയെ) അയൽക്കാരേയും വിവരമറിയിക്കുന്നു. കാരണവർ സ്ഥലത്തെത്തി പെൺകുട്ടിയെ പ്രത്യേകം താമസിക്കാനുള്ള കുടിൽ (ഗുഡ) എവിടെ കെട്ടണമെന്ന് നിശ്ചയിക്കുന്നു. ദൈവപ്പുരയുടെ അടുത്ത് ഈ കുടിൽകെട്ടാൻ പാടില്ല എന്ന നിയമമുണ്ട്. മൊതലിയുടെ നേതൃത്വത്തിൽ കാട്ടിൽപോയി മുളയും കൂവയിലയും കൊണ്ടുവന്ന് ചെറിയൊരു കുടിൽ ഉണ്ടാക്കുന്നു. ഇതിന് ഗൂഡ എന്നു പറയും. പെൺകുട്ടിയെ കുളിപ്പിച്ച് ആചാരപ്രകാരം മഞ്ഞളരച്ച് തേച്ച് ഗുഡയിൽ ഇരുത്തും. പെൺകുട്ടിക്ക് കൂട്ടിന് ഒരു ചെറിയ പെൺകുട്ടിയേയും ഇരുത്തുന്നു. ഈ പെൺകുട്ടിക്ക് മാർടെ ഹ്ണ്ണ് എന്നാണ് വിളിക്കുന്നത്. കാരണവൻമാർ നിശ്ചയിക്കുന്ന ദിവസംവരെ പെൺകുട്ടിയും തോഴിയും (മാർടെ) ഗൂഡയിൽതന്നെ കഴിയണം. തിരണ്ട് കല്യാണം നടത്തുന്ന ദിവസംവരെ ഈ പെൺകുട്ടി മറ്റു പുരുഷൻമാരെ കാണാനോ, പണികളൊന്നും ചെയ്യാനോ പുറത്തിറങ്ങി നടക്കാനോ പാടില്ല. നിത്യവും പെൺകുട്ടി എണ്ണതേച്ച് കുളിക്കണം. കല്യാണം നടത്താനുള്ള സാമ്പത്തികശേഷിയില്ലെങ്കിൽ അടുത്ത

ബന്ധുക്കൾവന്ന് പെൺകുട്ടിയെ മഞ്ഞൾവെള്ളത്തിൽ കുളിപ്പിച്ച് വീട്ടിലേക്ക് കയറ്റുന്നു. കല്യാണം നടക്കാനുള്ള സാമ്പത്തിക ശേഷിയുള്ളവർ കല്യാണദിവസം നിശ്ചയിക്കും. തുടർന്ന് രണ്ടു പെൺകുട്ടികൾക്കുംവേണ്ട വസ്ത്രങ്ങളും ആഭരണങ്ങളും വാങ്ങുന്നു. ബന്ധുക്കളെ ക്ഷണിക്കുന്നു. തലേന്നാൾ പുരുഷൻമാരുടേയും സ്ത്രീകളുടേയും നൃത്തവുമുണ്ടാകും. (തോട്ടി, ആട്ട, തോട്ടിതട്ടത്)

കല്യാണദിവസം രാവിലെ സൂര്യനുദിക്കുന്നതിനു മുമ്പുതന്നെ പെൺകുട്ടികളെ കുളിപ്പിക്കാനുള്ള ചടങ്ങുകളാരംഭിക്കുന്നു. ഇതിനായി പ്രത്യേകം മഞ്ഞൾവെള്ളം തയ്യാറാക്കുന്നു. ഇതിനിടയിൽ ഗുഡ പൊളിക്കുന്നു. മൊതലി ഒരു ചിരട്ട മഞ്ഞൾവെള്ളം പെൺകുട്ടിയുടെ ദേഹത്ത് ഒഴിക്കുന്നു. മറ്റു മുതിർന്ന സ്ത്രീകൾ ഓരോരുത്തരായി വന്ന് മഞ്ഞൾവെള്ളം ഒഴിച്ച് കുളിപ്പിക്കുന്നു. ശേഷം അവരെ അണിയിച്ചൊരുക്കുന്നു. ശേഷം ഋതുമതിയായ പെൺകുട്ടി കയ്യിലൊരു അമ്പും പിടിച്ച് പുറത്ത് വന്ന് കാരണവൻമാരുടെ നിർദേശപ്രകാരം നാല്ദിക്കുകളും ബന്ധിക്കുന്നു. മൊതലി കുന്തിരിക്കം പുകയ്ക്കുന്നു. ശേഷം മുറ്റത്ത് പായവിരിച്ച് കുട്ടികളെ അതിലിരുത്തുന്നു. മുതിർന്ന ആളുകൾ വന്ന് കുട്ടികളിൽനിന്നും ദക്ഷിണസ്വീകരിച്ച് കുട്ടികളെ അനുഗ്രഹിക്കുന്നു. തുടർന്ന് മഞ്ഞൾചേർത്ത ചോറ് പെൺകുട്ടികൾക്ക് നൽകുന്നു. പിന്നീട് എല്ലാവരും സദ്യകഴിച്ചതിനുശേഷം കിണറ്റിൽനിന്നും ഒരു കുടം വെള്ളവുമായി വീടിനുള്ളിലേക്ക് കയറുന്നു. ഇത്രയും ചടങ്ങുകൾക്കുശേഷം ഋതുമതിയായ ഈ പെൺകുട്ടിയും നൃത്തം ചെയ്യുന്ന ആളുകളോടൊപ്പം നൃത്തം ചെയ്യാനായി പോകുന്നു.

### വിവാഹം

അച്ഛനും അമ്മയും കാരണവൻമാരുമാണ് പെൺകുട്ടിയെ ആദ്യം പോയി കാണുന്നത്. ഇവർക്ക് പെൺകുട്ടിയെ എല്ലാവിധത്തിലും ബോധിച്ചാൽ വരൻ പെണ്ണിനെ പോയി കാണുന്നു. വിവാഹനിശ്ചയ ദിവസം ചെറിയ മണികളുള്ള കറുത്ത മുത്തുമാല വരന്റെ അമ്മായി വധുവിനെ അണിയിക്കുന്നു. (ഇതിന്





ക്റ്ക ബങ്കറ എന്നു പറയുന്നു.) അന്നുതന്നെ വിവാഹദിനം തീരുമാനിക്കുന്നു. അതിനുശേഷം വിവാഹദിനത്തിൽ വധുവിന് അണിയാനുള്ള ആഭരണങ്ങളും വസ്ത്രങ്ങളും വധുവിന്റെ അമ്മയ്ക്കും അച്ഛനും അമ്മാവനും വേണ്ട വസ്ത്രങ്ങളും വരന്റെ ബന്ധുക്കൾ വാങ്ങുന്നു. വിവാഹ ദിവസം വരനും സംഘവും ആഭരണങ്ങളും, വസ്ത്രങ്ങളും കൂടാതെ വെറ്റില മുറുക്കാനും, ഒന്നേകാൽ രൂപ പണമായും വധുവിന്റെ വീട്ടുകാർക്കു നൽകുന്നു. ഈ പണം ദൈവപ്പുരയിൽ സൂക്ഷിക്കുന്നു. വിവാഹ തലേന്നുതന്നെ വധുവിന്റെ വീട്ടിൽ പുരുഷൻമാരുടെ വാദ്യോപകരണങ്ങളോടുകൂടിയ നൃത്തവും സ്ത്രീകളുടെ പാട്ടുപാടിക്കൊണ്ടുള്ള കൈകൊട്ടിക്കളിയും ഉണ്ടായിരിക്കും. (പുരുഷന്മാർ മറ, കൊളല് എന്നീ വാദ്യോപകരണങ്ങൾ ഇതിനായി ഉപയോഗിക്കന്നു.) പുരുഷന്മാരുടെ നൃത്തത്തിന് ആട്ട ആടത് എന്നും സ്ത്രീകളുടെ നൃത്തത്തിന് കോട്ടി ആട്ട എന്നും പറയുന്നു.

തുടർന്ന് വധൂവരന്മാരെ അണിയിച്ചൊരുക്കുന്നു. വിവാഹ ദിനത്തിൽ വരൻ ഷർട്ട് ധരിക്കാറില്ല. പകരം ഒരു മേൽമുണ്ട് പുതയ്ക്കുന്നു. ബന്ധുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ കാരണവർ (മൊതലി) വധുവിനെ വരന്റെ അടുത്ത ബന്ധുക്കൾക്കും, വരനെ വധുവിന്റെ അടുത്ത ബന്ധുക്കൾക്കും കൈപിടിച്ച് ഏൽപ്പിക്കുന്നു. വരനും വധുവും കാരണവൻമാർക്കും മുതിർന്ന ആളുകൾക്കും ദക്ഷിണ നൽകി അനുഗ്രഹം വാങ്ങുന്നു. തുടർന്ന് സദ്യ. ഭക്ഷണ സമയത്ത് വധൂവരന്മാർ ഓരോ ഉരുള ചോറ് കൈമാറുന്നു. സദ്യ കഴിഞ്ഞ് വധൂവരന്മാരും മറ്റുള്ളവരോടൊപ്പം കളികളിൽ പങ്കുചേരുന്നു. തുടർന്ന് വരന്റെ വീട്ടിലേക്ക് യാത്രയാവുന്നു. വരന്റെ വീട്ടിലെത്തുമ്പോൾ വധൂവരന്മാരെ കാലുകഴുകിച്ച് ദൈവപ്പുരയിലേക്ക് കൊണ്ടുപോകുന്നു. ദൈവപ്പുരയിൽപ്പോയി തൊഴുത് കാരണവൻമാർക്ക് ദക്ഷിണനൽകി അനുഗ്രഹം വാങ്ങുന്നു.

### മരണാനന്തര ചടങ്ങുകൾ

ഒരു മരണം നടന്നാൽ ആദ്യം മൂപ്പനെ വിവരമറിയിക്കുന്നു. (മൊതലിയെ) തുടർന്ന് ബന്ധുക്കളെ അറിയിക്കുന്നു. മരിച്ചയാളെ

- ജീനി(ഓടകൊണ്ടുണ്ടാക്കുന്ന ചെറിയ കുഴൽ)
- തമ്പട്ടെ (ഒരു വശംമാത്രം തോല്കൊണ്ട് നിർമ്മിച്ച ചെണ്ട) എന്നിവയാണ്

**നിർമാണം**

വെള്ളക്കുമിഴ്, തേക്ക് , വീട്ടി, പാല എന്നീ മരങ്ങളുടെ തടികൾ ഉപയോഗിച്ചാണ് ചെണ്ടയും കുഴലും നിർമ്മിക്കുന്നത്. മാൻ, മലമാൻ, കാട്ടുപോത്ത് മുതലായ കാട്ടുമൃഗങ്ങളുടെ തോലുകളാണ് ചെണ്ട നിർമ്മാണത്തിനുപയോഗിക്കുന്നത്. ആറ് സുഷിരങ്ങളോടുകൂടിയ കുഴൽ മൂന്ന് ഭാഗങ്ങളായിട്ടാണ് ഉണ്ടാക്കുന്നത്. പക്ഷെ ജീനി ചെറിയ ഒരു കഷണം ഓടയിൽനിന്നാണുണ്ടാക്കുന്നത്. ഇതിന്റെ ശബ്ദത്തിന് വലിയ കുഴലിന്റെ ശബ്ദത്തേക്കാൾ ഇമ്പമുണ്ട്.

**ചികിത്സാ രീതികൾ**

ഇതര ഗോത്രവിഭാഗങ്ങളെപോലെ കാട്ടുനായ്ക്കരും പരമ്പരാഗതമായ ചികിത്സാരീതികൾ കൈമുതലായിട്ടുള്ളവരാണ്. ഇവരുടെ ചികിത്സാരീതികളെ പ്രധാനമായും രണ്ടായി തരംതിരിക്കാവുന്നതാണ്. മനശാസ്ത്രപരമായ പ്രശ്നങ്ങൾക്ക് ഗോത്രവിധിപ്രകാരം കർമ്മങ്ങൾ ചെയ്ത് പരിഹാരം കണ്ടെത്തുന്ന ആത്മീയ ചികിത്സാരീതികളും വൈദ്യചികിത്സാരീതികളുമാണ്. സാധാരണഗതിയിൽ പ്രതിഫലമൊന്നും കൂടാതെയാണ് ഇവർ ചികിത്സകൾ ചെയ്യാറുള്ളത്.

**സാത്രബുഡദ് (പ്രശ്നം നോക്കൽ)**

ബാധപ്രേതങ്ങളുടെ ഉപദ്രവംകൊണ്ടുണ്ടാകുന്ന അസുഖങ്ങളും മറ്റേതെങ്കിലും തരത്തിലുള്ള അസുഖങ്ങളും പിടിപെട്ടാൽ അതിന്റെ ശമനത്തിനായി ചെയ്യുന്ന ഒരു തനത് ചികിത്സാരീതിയാണ് "സാത്രബുഡദ്" പരിചയ സമ്പന്നരായ ആളുകളാണ് ഈ ചികിത്സ ചെയ്യുന്നത്. കാട്ടാവണക്കിന്റെ കുരു ഒരുപിടി കയ്യിലെടുത്ത് ദൈവസ്തുതികൾ മന്ത്രിച്ച് മുറത്തിൽ നിരത്തി അവ ഗണിച്ച് രോഗകാരണങ്ങൾ കണ്ടെത്തുകയും അതിന്വേണ്ട പരിഹാരം നിർദേശിക്കുകയും ചെയ്യുന്നു.





സമയത്തു തന്നെ 'പുല അടിയന്തിരം' നടത്താനുള്ള ദിവസം തീരുമാനിക്കുന്നു.

**പുല അടിയന്തിരം**

മരണത്തിനു ശേഷമുള്ള ചടങ്ങാണ് പുല അടിയന്തിരം. മരിച്ചതിന് ഏഴാം നാളാണ് ഈ ചടങ്ങ് നടത്തുന്നത്. അന്ന് ബന്ധുക്കളെല്ലാവരും മരിച്ചയാളുടെ വീട്ടിലെത്തും. മൊതലിയുടെ നിർദ്ദേശ പ്രകാരം മുതിർന്ന സ്ത്രീകൾ കുറച്ച് നെല്ലുകുത്തുന്നു. ഈ അരിവെച്ചുണ്ടാക്കുന്ന ചോറ് ഉരുളകളാക്കി ശ്മശാനത്തിലേക്ക് കൊണ്ടുപോകുന്നു. ഒപ്പംപൊതിച്ചോറും. മൊതലിയും ആളുകളും ശ്മശാനത്തിലെത്തിയതിനു ശേഷം മുമ്പ് മരിച്ച ആളുകൾക്ക് മുറുക്കാൻ വെക്കുന്നു. തുടർന്ന് കുഴിമാടത്തിന്റെ തലയ്ക്കൽ മൊതലി നിൽക്കുന്നു. കാൽക്കൽ കുടുംബത്തിലെ മറ്റു രണ്ടുപേർ പുറം തിരിഞ്ഞു നിൽക്കുന്നു. പിന്നീട് മൊതലി ചോറുരുളകളെറിയുന്നു. പുറം തിരിഞ്ഞ് നിൽക്കുന്നവർ ഈ ചോറുരുളകൾ പിടിക്കണം. അവർക്ക് ചോറുരുളകൾ പിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് ദുശ്ശകുനമായി കണക്കാക്കുന്നു. ചോറുരുള പിടിക്കാൻ കഴിഞ്ഞാൽ അത് ശുഭലക്ഷണമായി കരുതുകയും ആ ചോറുരുളകൾ അവർ കഴിക്കുകയും ചെയ്യുന്നു. തുടർന്ന് വെളിച്ചപ്പാട് ഏഴു പ്രാവശ്യം കുഴിമാടത്തിനു വലം വെക്കുന്നു. (ദൈവം തുള്ളുന്ന ആൾ) 'തൂളക്കാറ' എന്നാണ് വെളിച്ചപ്പാടിനെ വിളിക്കുന്നത്. ഈ സമയത്ത് മരിച്ചയാളുടെ ആത്മാവ് വെളിച്ചപ്പാടിന്റെ (തൂളക്കാറന്റെ) ദേഹത്ത് പ്രവേശിച്ചിരിക്കും. വെളിച്ചപ്പാട് ഉറഞ്ഞുതുള്ളി മരിച്ച ആളുടെ വീട്ടിലെത്തുന്നു. കൂടെ മറ്റെല്ലാവരും വീട്ടിലേക്ക് വരുന്നു. വീടിന്റെ മുറ്റത്ത് കൂട്ടം കൂടിനിൽക്കുന്ന ആളുകൾക്കിടയിൽ നിന്നും മരിച്ച ആളുടെ കുടുംബാംഗങ്ങളെ വെളിച്ചപ്പാട് തിരഞ്ഞ് കണ്ടെത്തുന്നു. വെളിച്ചപ്പാട് അവരെ അനുഗ്രഹിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് മരിച്ചുപോയ ആത്മാവിനെ പ്രത്യേകമുറിയിൽ കുടിയിരുത്തുന്നു. ഇതിന് നളല് (നിഴൽ) കൊണ്ടുവെക്കുന്നു എന്നാണ് പറയുന്നത്. തുടർന്ന് എല്ലാവരും സദ്യ കഴിച്ച് പിരിയുന്നു.

### കലാരൂപങ്ങൾ

ഏതൊരു ആദിവാസി ഗോത്രത്തിനും തലമുറകളായി രൂപപ്പെടുത്തിയ കലാരൂപങ്ങളുളളതു പോലെ നായ്ക്ക വിഭാഗത്തിനും സ്വതസിദ്ധമായ കലാവിഷ്കാരങ്ങളുണ്ട്. വ്യത്യസ്തമായ നൃത്തച്ചുവടുകളും, പാട്ടുകളും വാദ്യോപകരണങ്ങളും ഇവർക്കുണ്ട്. പണിയരുടെ വാദ്യോപകരണങ്ങളിൽ നിന്നും വളരെ അന്തരമുള്ളവയാണ് നായ്ക്കരുടെ വാദ്യോപകരണങ്ങളും കുഴൽ രാഗങ്ങളും, താളങ്ങളും. വളരെ വൈവിധ്യമാർന്ന രാഗങ്ങളിലൂടെയും താളത്തിലൂടെയുമാണ് നായ്ക്കരുടെ കലാരൂപങ്ങൾ അവർ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ജീവിതത്തിലെ സന്തോഷത്തിനും ദു:ഖത്തിനും വിവിധതരം പാട്ടുകൾ കുഴൽരാഗങ്ങളായി രൂപപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മറയുടെ (ചെണ്ട) താളങ്ങളും വ്യത്യസ്തങ്ങളാണ്. ഇവരുടെ പാട്ടുകൾ പ്രധാനമായും കാടുമായി ബന്ധപ്പെട്ടുളളവയാണ്. തേൻ ശേഖരണത്തിനും, വേട്ടയാടാനും ഇവർക്ക് പ്രത്യേകതരം പാട്ടുകൾ ഉണ്ട്. മുത്തശ്ശിമാരിലൂടെ കൈമാറിവന്ന ഇമ്പമുള്ള ധാരാളം താരാട്ടു പാട്ടുകളും ഇവരുടെ കലാ ജീവിതത്തെ സമ്പുഷ്ടമാക്കുന്നു.

## കലകൾ

### കസ്ല്യാട്ട (കോൽക്കളി)

വിഷുവിനോടനുബന്ധിച്ച് ചെയ്യുന്ന ഒരു ആചാരകലയാണ് കോൽക്കളി. വിഷു ദിവസം ചെറിയ സംഘങ്ങളായി ആഘോഷത്തോടെ ജൻമിമാരുടെ (ചെട്ടിമാർ, കുറുമർ, കുറിച്യർ, കളനാടികൾ) വീട്ടുമുറ്റത്താണ് കോൽക്കളി അവതരിപ്പിക്കുന്നത്. മുളകൊണ്ട് ചെത്തിയുണ്ടാക്കിയ കമ്പുകൾ (ക്സ്ലി) ഉപയോഗിച്ചാണ് കോൽക്കളി കളിക്കുന്നത്. ദൈവപ്പുരയിൽ നിന്നും മൊതലിയുടെ (മൂപ്പൻ) നേതൃത്വത്തിൽ കോൽക്കളി കാണാനുള്ള കോലുകൾ എടുത്ത് കോൽക്കളി ആരംഭിക്കുന്നു. പുലികളായും, വേട്ടക്കാരനായും മറ്റും ആളുകൾ കോമാളി (കോടങ്കിമാർ) വേഷം കെട്ടുന്നു. കോമാളികൾ തമാശകൾ കാട്ടി ആളുകളെ





ചിരിപ്പിക്കുകയും, കോൽക്കളിക്കാർക്ക് ആവേശം നൽകുകയും ചെയ്യുന്നു. കോൽക്കളിക്ക് പ്രത്യേകതരം പാട്ടുകളുമുണ്ട്. താളാത്മകവും രസകരവുമായ ഈ പാട്ടുകൾ വളരെ പ്രസിദ്ധമാണ്. " ക്സ്ല്യട്ട പദന" എന്നാണ് ഈ പാട്ടുകളെ വിളിക്കുന്നത്. കളികണ്ട് രസിക്കുന്ന വീട്ടുകാർ കോൽക്കളി സംഘത്തിലെ കോമാളികൾക്ക് സമ്മാനങ്ങൾ കൊടുക്കുന്നു. ഇതിനെ 'കോള്' എന്നുപറയുന്നു. രണ്ട്മൂന്ന് ദിവസത്തോളം ഈ കോൽക്കളി തുടരുന്നു. അവസാനം കിട്ടിയ കോളുകളെല്ലാം ആപ്രദേശത്തുളള അമ്പലമുറ്റത്ത് കാഴ്ച്ചവെച്ച് തൊഴുത് സംഘത്തിലെ എല്ലാവരും പങ്കുവെയ്ക്കുന്നു.

### മറആട്ട

നായ്ക്കരുടെ വിവാഹ ചടങ്ങുകൾക്കും കോളനിയിലെ ദൈവപ്പുരയിലെ ആഘോഷങ്ങൾക്കും അമ്പലങ്ങളിലെ ഉത്സവങ്ങൾക്കും നടത്തുന്ന കലാരൂപമാണ്- "മറ ആട്ട" രണ്ട് ചെണ്ടയും (മറ) ഒരു കുഴലും, തമ്പട്ടയും (ഒരു വശം മാത്രം തോല്കൊണ്ട് നിർമ്മിച്ച ചെണ്ട) ആണ് ഈ നൃത്തത്തിനുപയോഗിക്കുന്ന വാദ്യോപകരണങ്ങൾ.

വാദ്യോപകരണങ്ങളുടെ താളത്തിനനുസരിച്ച് പുരുഷൻമാരും സ്ത്രീകളും, വ്യത്യസ്തമായ നൃത്തച്ചുവടുകൾ വെക്കുന്നു. നൃത്തം ചെയ്യുമ്പോൾ പുരുഷൻമാർ കാലുകളിൽ ചിലങ്ക (ഗെജ്ജ) കെട്ടുന്നു. ചെണ്ടക്കാരും കുഴലൂതുന്ന ആളും നൃത്തം ചെയ്യുന്ന പുരുഷൻമാർക്ക് നടുവിൽ നിൽക്കുന്നു. സ്ത്രീകളുടെ സംഘം മറ്റൊരു ഭാഗത്ത് നൃത്തം ചെയ്യുന്നു. സ്ത്രീകളുടെ ഈ നൃത്തത്തിന് " തോട്ടിതട്ടദ്" എന്നു പറയുന്നു.

## കാട്ടുനായ്ക്കരുടെ സംഗീത ഉപകരണങ്ങൾ

കാട്ടുനായ്ക്കർക്ക് പ്രധാനമായും നാല് സംഗീതോപകരണങ്ങളാണുള്ളത്.

- മറ (ചെണ്ട)
- കൊളല്(കുഴൽ)

## നായ്ക്കഭാഷയിലെ അക്ഷരമാല

**സ്വരം**

| | | | | | | |
|---|---|---|---|---|---|---|
| ഹ്രസ്വം- | അ | ഇ | ഉ | എ | ഒ | |
| ദീർഘം- | ആ | ഈ | ഊ | ഏ | ഓ | ഔ |

**വ്യഞ്ജനാക്ഷരം**

| ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം |
|---|---|---|---|---|
| ക | - | ഗ | - | ങ |
| ച | - | ജ | - | - |
| - | - | ഡ | ഢ | ണ |
| ത | - | ദ | - | ന |
| പ | - | ബ | - | മ |
| യ | ര | ല | വ | |
| ശ | - | സ | | |
| ള | - | റ | | |

**സ്വരാക്ഷരം ചേർന്ന് വരുന്ന പദങ്ങൾ**

| പദം | അർത്ഥം |
|---|---|
| അപ്പ | അച്ഛൻ |
| ഔവ്വ | അമ്മ |
| ഇവ്വറ് | ഇവർ |
| ഇത്തൽഗ് | ഇങ്ങോട്ട് |
| ഈഗെ | ഇപ്പോൾ |
| ആജിന | ആ ദിവസം |
| ഊങ്കി | കുനിഞ്ഞ് |
| ഉറുസത് | ഊതുക |





### ഹാഡിക്കെ ഹാഡദ് ( ആട്ട് കഴിക്കൽ)

ആട്ട് കഴിക്കൽ എന്ന ചികിത്സാരീതിക്കുപയോഗിക്കുന്ന ഒരു ചികിത്സാ ഉപകരണമാണ് 'ബുരുഡെ' (ചുരക്ക). ഉണങ്ങിയ ചുരക്കയുടെ മുകളിലായി ഒരു ചെറിയ ദ്വാരമുണ്ടാക്കി അതിന്റെ കുരു എടുത്ത് കളഞ്ഞ് അതിനകത്ത് കൂവയുടെ ഉണങ്ങിയ കുറച്ച് കുരുവിടുന്നു. ചെറുതേനിന്റെ മെഴുകെടുത്ത് ആ ദ്വാരമടക്കുന്നു. ഇങ്ങനെയാണ് ബുരുഡയുണ്ടാക്കുന്നത്. സാധാരണ ബുരുഡ ദൈവപ്പുരയിലാണ് സൂക്ഷിക്കുന്നത്. കുടുംബത്തിൽ ആർക്കെങ്കിലും അസുഖങ്ങൾ വന്നാൽ ഒരാൾ ഇരുട്ടുള്ള മുറിക്കകത്തിരുന്ന് ബുരുഡ കൈയിൽ പിടിച്ച് കുലുക്കി ഒരു പ്രത്യേക ശബ്ദത്തിൽ ദൈവസ്തുതികൾ പാടുകയും പറയുകയും ചെയ്യുന്നു. (ചിലപ്പോൾ മറ്റൊരു സഹായിയും കൂടെയുണ്ടാകും) ഈ ചികിത്സക്കാണ് ഹാഡിക്കെ ഹാഡദ് എന്ന് പറയുന്നത്. ഇത്തരത്തിലുള്ള ചികിത്സാരീതികളിലൂടെ അസുഖങ്ങൾ ഭേദമാകുമെന്ന് ഇവർ വിശ്വസിക്കുന്നു.

**അധ്യായം 2**

## കാട്ടുനായ്ക്കരുടെ ഭാഷയും സാഹിത്യവും

ജീവിതത്തിന്റെ സമസ്ത തലങ്ങളിലും സമാനത പുലർത്തുന്ന ഗോത്രസമൂഹങ്ങൾ നമ്മുടെ ചരിത്ര സംസ്കൃതിയുടെ സവിശേഷമായ കണ്ണികളാണ്. കേരളത്തിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾ ആചാരാനുഷ്ഠാനങ്ങളിലും, ജീവിതരീതിയിലും, ഭാഷയിലും വെച്ചുപുലർത്തുന്ന വിഭിന്നമായ സാംസ്കാരിക തനിമയും ശ്രദ്ധേയമാണ്. ആധുനിക ജീവിതത്തിന്റെ പരിഷ്കാരത്തിന്റെ കടന്നുകയറ്റംമൂലം ഈ ഗോത്ര പൈതൃകം നശിച്ചുകൊണ്ടിരിക്കുകയാണ്. ആദിവാസി ഭാഷകളാണ് ഏറ്റവും ശക്തമായ രീതിയിൽ സാംസ്കാരിക അധിനിവേശത്തി നിരയാകുന്നത്. എല്ലാ ആദിവാസി ഗോത്രവിഭാഗങ്ങളും സവിശേഷവും അപൂർവ്വവുമായ തനത് ഭാഷകൾക്കുടമകളാണ്. ഗോത്രഭാഷകൾ കേവലമായ ആശയവിനിമയോപാധി മാത്രമല്ല, നാനാമുഖമായ വംശീയ സംസ്കാരത്തിന്റെ ജീവസുറ്റ വേരുകൾ കൂടിയാണ്. ലിപിയില്ലാത്ത പ്രാകൃത ഭാഷയെന്ന നിലയിൽ

മാറ്റിനിർത്താതെ നരവംശ വിജ്ഞാനീയ രീതിശാസ്ത്രമുപയോഗിച്ച് കൂടുതൽ ഗവേഷണ പഠനങ്ങൾ നടത്തുകയാണ് വേണ്ടത്. നിർഭാഗ്യകരമെന്ന് പറയട്ടെ. ഈ മേഖലയിൽ വേണ്ടത്ര ആഴത്തിലുള്ള പഠനങ്ങൾ നടക്കുന്നില്ല. പരിഷ്കാരത്തിന്റെ പടിയിലേക്ക് യാന്ത്രികമായി സഞ്ചരിക്കുന്ന തലമുറ ഗോത്രഭാഷകളെ വിസ്മരിക്കാനാണ് തിടുക്കം കാണിക്കുന്നത്. ആദിവാസി ഗോത്രഭാഷകളെ മലയാളം പോലുള്ള വരമൊഴി ഭാഷകളുടെ വളർച്ചാഘട്ടവുമായി ചേർത്തുവെച്ച് മനസ്സിലാക്കാനും ശ്രമമുണ്ടാകണം. ഗോത്രഭാഷകൾ നാടോടി സാഹിത്യത്തിന്റെ ഈടുവെയ്പുകളായ നാടൻ പാട്ടുകൾകൊണ്ടും കഥകൾ കൊണ്ടും കടങ്കഥയും ചൊല്ലും ചേർന്ന മണിമുത്തുകൾകൊണ്ടും സമ്പന്നമാണ്. ലിപിയില്ലാത്തതിനാൽ വാമൊഴി പാരമ്പര്യത്തിൽ ഇത് നിലനിന്നുപോരുന്നു. കേരളത്തിലെ ആദിവാസി ഗോത്രഭാഷകൾക്ക് തമിഴ്, തുളു, കന്നട ഭാഷകളുമായി നല്ല ബന്ധമുണ്ട്. വടക്കേ മലബാറിൽ കാസർകോട് ജില്ലയിൽ വ്യാപകമായുള്ള കൊറഗരുടെ ഭാഷക്ക് തുളുവുമായാണ് ഏറെ സ്വാധീനം. വയനാട് ജില്ലയിലെ അടിയൻ, കുറിച്യൻ, പണിയൻ, മുള്ളുകുറുമൻ, കുണ്ടുവടിയൻ, കാടർ, കരിമ്പാലൻ, കനലാടി തുടങ്ങിയവരുടെ ഭാഷക്ക് തമിഴുമായി സങ്കരസ്വഭാവമുണ്ട്. ഊരാളി കുറുമർ, കാട്ടുനായ്ക്കർ എന്നിവർ കന്നഡ കലർന്നതും മലയാളത്തിന്റെ സ്വാധീനമുള്ളതുമായ തനത് ഭാഷ സംസാരിക്കുന്നു. അതിൽതന്നെ തമിഴിന്റെ കലർപ്പും ദർശിക്കാവുന്നതാണ്. തെക്കൻ കേരളത്തിലേക്ക് നീങ്ങുംതോറും ആദിവാസി ഭാഷകളിൽ തമിഴിന്റെ സ്വാധീനം വർദ്ധിക്കുന്നത് കാണാം. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ സ്ഥാനവും ആദിവാസി ഭാഷകളുടെ സ്വത്വത്തെ നിർണയിക്കുന്നു. തമിഴ് മലയാളത്തിന്റെ പൂർവ്വാവസ്ഥയാണ് ആദിവാസി വ്യവഹാര ഭാഷകൾ പ്രതിനിധാനം ചെയ്യുന്നതെന്ന വീക്ഷണം കൂടുതൽ പഠിക്കപ്പെടണം. കന്നഡ ഭാഷയുടെ മിശ്രിത സ്വഭാവം ഏറ്റവും കൂടുതൽ കാണുന്നത് കാട്ടുനായ്ക്കരുടെ ഭാഷയിലാണ്.





തമിഴിന്റെയും മലയാളത്തിന്റെയും ചെറിയ തോതിലുള്ള സ്വാധീനം മാത്രമേ നായ്ക്ക ഭാഷയിൽ അടിസ്ഥാനമായുള്ളൂ. കാട്ടുനായ്ക്കരുടെ വേരുകൾ കേരളത്തിനപ്പുറത്ത് കർണാടകയിലെ മൈസൂർ ജില്ലയിലും തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും നിലനിൽക്കുന്നു. കാട്ടുനായ്ക്കരുടെ കർണ്ണാടകയിലെ മിത്രസമൂഹമാണ് ജേനു കുറുമ്പർ. തമിഴ്നാട്ടിലെ കേരളാ അതിർത്തി പ്രദേശങ്ങളിൽ കാട്ടുനായ്ക്കർ എന്ന പേരിൽതന്നെ അറിയപ്പെടുന്ന ഒരു വിഭാഗമുണ്ട്. ബ്രിട്ടീഷുകാരുടെ വരവിന് മുമ്പ് കേരളത്തിലെ കാട്ടുനായ്ക്കർ ''ജേനു കുറുമ്പർ'' എന്നു വിളിക്കപ്പെട്ടു. കാട്ടുനായ്ക്കർ തുടങ്ങിയ പ്രാക്തന ഗോത്ര വിഭാഗങ്ങൾ ഭക്ഷ്യ സമ്പാദനത്തിനായി സഞ്ചരിക്കുന്ന സമൂഹമായിരുന്നുവെന്ന് നരവംശ ശാസ്ത്രജ്ഞർ വിലയിരുത്തിയിട്ടുണ്ട്. ഇവരുടെ സഞ്ചാരപദവും സംസ്കാരവും കന്നഡക്ക് മേൽക്കയ്യുള്ള ഒരു പ്രാചീന ഗോത്രഭാഷയെ സൃഷ്ടിച്ചിരിക്കാം. മറ്റു ഗോത്രഭാഷകൾക്കെന്നപോലെ കാട്ടുനായ്ക്കരുടെ ഭാഷക്കും ലിപിയില്ല. തമിഴ്നാട്ടിലും കർണ്ണാടകയിലും ജീവിക്കുന്ന കാട്ടുനായ്ക്കരുടെ ഭാഷ കേരളത്തിലെ കാട്ടുനായ്ക്കർക്കും ഏറെ പരിശ്രമിക്കാതെ വിനിമയം ചെയ്യുവാൻ സാധിക്കുമെന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ കാട്ടുനായ്ക്കരുടെ ഭാഷയിൽ നാൾ ചെല്ലുംതോറും മലയാളത്തിന്റെ സ്വാധീനം ഏറിക്കൊണ്ടിരിക്കുകയാണ്. ചടുലവും വ്യഞ്ജന ശബ്ദങ്ങളുടെ ആധിക്യവും കലർന്നതാണ് നായ്ക്ക ഭാഷ. കാട്ടുനായ്ക്ക ഭാഷയിലെ ഘടനയും മറ്റ് അടിസ്ഥാനങ്ങളും അന്വേഷിക്കുന്നവർക്ക് ഭാഷാ സംബന്ധിയായ പല കൗതുകങ്ങളും കാണാം. മലയാളത്തിൽ നിലവിലുള്ള പല വ്യഞ്ജനാക്ഷരങ്ങളും നായ്ക്കഭാഷയിൽ ഇല്ല. ഘ, ഛ, ഞ, ട, ഠ, ഢ, ഫ, ഭ, തുടങ്ങിയ വ്യഞ്ജനവർണ്ണങ്ങളും ഷ, ഴ, തുടങ്ങിയ ഊഷ്മാക്കളും നായ്ക്കഭാഷയിൽ ഇല്ല. അതിഖര പട്ടികയിൽ ' ര ' മാത്രമേ നിലവിലുള്ളൂ. നായ്ക്കഭാഷയിലും ലിംഗവും വചനവുമടിസ്ഥാനമാക്കി നാമപദങ്ങളും ക്രിയാപദങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു.

## ക്രിയനാമം

ക്രിയയിൽനിന്ന് ഉണ്ടാകുന്ന ക്രിയാനാമങ്ങൾ നായ്ക്ക ഭാഷയിൽ ഉപയോഗിക്കപ്പെടുന്നവ.

കാഴ്ച - കാണത്
വരവ് - ബറത്
വായന - ബായ്സത്

## ക്രിയ

ഏതെങ്കിലുമൊരു വ്യക്തിയോ വസ്തുവോ ഇന്നതരത്തിൽ സ്ഥിതി ചെയ്യുന്നുവെന്നോ ഇന്ന പ്രവൃത്തി ചെയ്യുന്നുവെന്നോ കാണിക്കുന്ന ശബ്ദമാണ് ക്രിയ.

നായ്ക്കഭാഷയിൽ ക്രിയാ ശബ്ദങ്ങൾ വിവിധ കാലങ്ങളിൽ പ്രയോഗിച്ചിരിക്കുന്നത് നോക്കുക.

| വർത്തമാനം | ഭാവി | ഭൂതം |
|---|---|---|
| ഇരിക്കുക - കുളിപ്പാദ് | ഇരിക്കും - കുളിത്തിനി | ഇരുന്നു - കുളുത്തി |
| ഓടുക - ഓടദ് | ഓടും - ഓടിത്തിനി | ഓടി - ഓടിനി |
| നടക്കുക - നടിവദ് | നടക്കും - നടിത്തിനി | നടന്നു - നടിനി |
| ചിരിക്കുക - നഗിവദ് | ചിരിക്കും - നഗിത്തിനി | ചിരിച്ചു - നഗിനി |
| പറയുക - ഹ്ളദ് | പറയും - ഹേ്ളിത്തിനി | പറഞ്ഞു - ഹേ്ളിനി |
| കരയുക - ക്റ്സാദ് | കരയും - ക്റ്സിത്തിനി | കരഞ്ഞു - ക്റ്സിനി |
| പഠിക്കുക - ക്ലിപ്പാദ് | പഠിക്കും - ക്ല്ത്തിനി | പഠിച്ചു - ക്ല്ത്ത് |
| കുടിക്കുന്നു - കുടിപ്പദ് | കുടിത്തിനി | കുടുത്തി |
| ഓടുന്നു - ഓടദ് | ഓടിത്തിനി | ഓടി |
| ചാടുന്നു - സാടദ് | സാടിത്തിനി | സാടിനി |
| കളിക്കുന്നു - ആടദ് | ആടിത്തിനി | ആടി |
| പോകുന്നു - ഹോഗദ് | ഹോയ്തിനി | ഹോനി |
| നോക്കുന്നു - നോടദ് | നോടിത്തിനി | നോടിനി |
| സംസാരിക്കുന്നു - മാത്താടദ് | മാത്താടിത്തിനി | മാത്താടിനി |
| കുളിക്കുന്നു - നീറ്മിയിവദ് | നീറ്മിയിത്തിനി | നീറ്മിയിനി |
| ഉറങ്ങുന്നു - നിദ്രെമാടദ് | നിദ്രേമാടിത്തിനി | നിദ്രെ |





## വ്യഞ്ജനാക്ഷരങ്ങൾ ഉപയോഗിച്ചുള്ള പദങ്ങൾ

| | നായ്ക്ക ഭാഷാപദങ്ങൾ | അർത്ഥം |
|---|---|---|
| ക | കട്ടെ | മുള |
| കാ | കാറ | എരിവ് |
| കി | കിത്താദ് | കീറിയത് |
| കീ | കീറ | കീരി |
| | കുളിപ്പദ് | ഇരിക്കുന്നു |
| | ഗാർള്ല വുളു | ഈയാംപാറ്റ |
| | മങ്ങ | മകൻ |
| | ചിക്കദ് | കിട്ടുന്നത് |
| | ജഗള | വഴക്ക് |
| | മോഡ | ആകാശം |
| | ബണക്ക് | വിളക്ക് |
| | തഡക്കദ് | തിരയുക |
| | ദാരി | വഴി |
| | നഗിപദ | ചിരിക്കുന്നു |
| | പദന | പാട്ട് |
| | ബാഡ് | ഇറച്ചി |
| | മറ | മരം |
| | യാന | എന്ത് |
| | ബറ്ല് | ചൂല് |
| | വന്ത<br>വന്താന് | വന്നു |
| | ശിക്കാദ് | കിട്ടുക |
| | സന്ത | സുന്ദരം |
| | ഹബ്ബ | ആഘോഷം |
| | ഹ്ന്തി | പന്നി |
| | ഹെക്കി | പക്ഷി |

**നാമം**

പേരിനെകുറിക്കുന്ന ശബ്ദമാണല്ലോ നാമം. നാമവും സർവ്വനാമങ്ങളും തനതു രീതിയിൽ നായ്ക്കഭാഷയിലും വ്യാപരിച്ച് പോരുന്നു. ലിംഗവും വചനവും അടിസ്ഥാനമാക്കി നാമപദങ്ങൾ വിവിധമായി ഉപയോഗിച്ചു പോരുന്നു. ലിംഗവചനങ്ങൾ ക്രിയാ പദങ്ങൾക്കും മാറ്റം വരുത്തുന്നുവെന്നത് നായ്ക്കഭാഷയുടെ സവിശേഷതയാണ്.

| നാമപദം | നായ്ക്ക ഭാഷ ഏകവചനം | നായ്ക്കഭാഷ ബഹുവചനം |
|---|---|---|
| അമ്മാവൻ | മാവ | മാവദിറ് |
| അമ്മായി | അത്തെ | അത്തെദിറ് |
| അളിയൻ | ബാവ | ബാവദിറ് |
| മകൻ | മങ | മക്ക,മക്കഗ |
| മനുഷ്യൻ | മ്ന്സ | മ്ന്സഗ |
| മുത്തശ്ശി | എച്ചി | എച്ചിദിറ് |
| പക്ഷി | ഹെക്കി | ഹെക്കിഗ |
| മരം | മറ | മറഗ |
| ചേച്ചി | അക്ക | അക്കദിറ് |
| പെണ്ണ് | ഹെണ്ണ് | ഹെണ്ണ്ഗ |
| മകൾ | അവ | അവഗ |

**സർവ്വ നാമങ്ങൾ**

ഒരു നാമത്തിന് പകരംവെക്കുന്ന സർവ്വനാമങ്ങൾ നായ്ക്ക ഭാഷയിൽ ഉപയോഗത്തിലുണ്ട്.

**ഉത്തമ പുരുഷൻ** – (പറയുന്ന ആളിനെ കുറിക്കുന്നത്)

ഞാൻ – ന്നാ
എന്നെ – നെന്നെ
എനിക്ക് – നന്നഗ്
നമുക്ക് – സങ്കാഗ്
നമ്മൾ – ന്നങ്കാ





**മധ്യമ പുരുഷൻ** – (ആരോടു പറയുന്നുവോ അയാൾ)

നീ – ന്നീ
നിങ്ങൾ – നിങ്കാ
നിങ്ങൾക്ക് – നിന്നഗ്, നിങ്കാഗ്

**പ്രഥമ പുരുഷൻ** – (മൂന്നാമതൊന്നിനെ കുറിക്കുന്നു)

അവൻ – അവ്
അവനെ – അവനഗ്
അവൾ – അവാ
അവൾക്ക് – അവാഗ്
അവർ – അവറ്
അവരെ – അവറ്നെ

**വ്യപേക്ഷക സർവ്വനാമം**

നായ്ക്കഭാഷയിൽ വ്യപേക്ഷക സർവ്വനാമങ്ങളുണ്ട്. മലയാളത്തിൽ അപൂർവ്വമായേ വ്യാക്ഷേപക സർവ്വനാമങ്ങൾ പ്രയോഗിക്കാറുള്ളൂ. നായ്ക്കഭാഷയിൽ യാവത് എന്ന സർവ്വനാമം ഉപയോഗിക്കുന്നു.

അത് എന്താണ് കാണുന്നത്?

ഇതി യാവത നോടക്ക്?

**ഗുണനാമം**

ഏതെങ്കിലുമൊരു സ്വഭാവ വിശേഷത്തിന്റെ പേരിനെകുറിക്കുന്ന നാമം ഗുണനാമം.

വെളുപ്പ് – ബെളത്
കറുപ്പ് – ക്രിത്
തണുപ്പ് – സന്നി

കഴിയുകയുള്ളു. സംഭാഷണ ശകലങ്ങൾ, പ്രയോഗ പ്രത്യേകത തിരിച്ചറിയുവാൻ ഉതകുന്ന വാക്യങ്ങൾ, പ്രകൃതിയിലും സാമാന്യ ജീവിതത്തിലും കാണുന്ന വസ്തുക്കൾ, ഭാഷ സ്വായത്തമാക്കുവാൻ സഹായിക്കുന്ന കുറിപ്പുകൾ തുടങ്ങിയവ നായ്ക്കഭാഷയിലും മലയാളത്തിലും ചേർത്തിരിക്കുന്നു. അനുബന്ധമായി കാട്ടുനായ്ക്ക ഭാഷാ നിഘണ്ടുവും ചേർന്നിരിക്കുന്നു.

**ചോദ്യരൂപങ്ങൾ**

| | |
|---|---|
| യാനൊട്ടിഗെ ബിശേസ/ യാനല്ല് ബിശേസ | - എന്തൊക്കെയാണ് വിശേഷങ്ങൾ |
| ഹേ്ങ്കെ ഹാളദ്/എൻത്തെ ഗല്ല് ഹാളദ് | - എങ്ങനെയാണ് പറയുക |
| ഏറല്ല ബറദ് | - ആരൊക്കെയാണ് വരുന്നത് |
| ഏന്ഗ ഹാങ്കെ ആദദ് | - എന്തുകൊണ്ടാണ് സംഭവിച്ചത് |
| എല്ലിഗ ഹോഗദ് (ഹോപ്പദ്) | - എവിടെക്കാണ് പോകുന്നത് |
| എല്ല്യെന്ത ബറദ് | - എവിടെ നിന്നാണ് വരുന്നത് |
| എല്ലാറു ഇദ്ദെരവ | - എല്ലാവരുമുണ്ടോ |
| നീന് കേളി ദെവ(കേളിദെയ) | നീ കേട്ടോ? |
| നീന് ബന്റ്വ (ബന്തെയ) | - നീ വന്നോ? |
| അവ പദന ഹേളിദവാ | - അവൾ പാട്ട് പാടിയോ? |
| നീ ഏറ | - നീ ആരാണ്? |
| എ്ദ് ഏന? | - അത് എന്താണ്? |
| അവറവ | - അവരാണോ? |





**വിഭക്തി**

മലയാളത്തിൽ ഏഴുവിഭക്തികൾക്ക് ആറു പ്രത്യയങ്ങളുള്ള പോലെ കാട്ടുനായ്ക്ക ഭാഷയിൽ ആറുവിഭക്തികളും അഞ്ചു പ്രത്യയങ്ങളുമാണ് ഉള്ളത്. കാട്ടുനായ്ക്ക ഭാഷയിൽ പ്രയോജിക വിഭക്തി ഇല്ല. നിർദ്ദേശികക്ക് മലയാളത്തിലേതുപോലെ പ്രത്യയവും ഇല്ല.

| വിഭക്തി | പ്രത്യയം | | ഉദാവിരണം | |
|---|---|---|---|---|
| നിർദ്ദേശിക | - | - | പുസ്തകം<br>പേന<br>അവൻ | പുസ്തഗ<br>പേനെ<br>അ്മ |
| പ്രതിഗ്രാഹിക | എ | എ | അച്ഛനെ<br>അമ്മയെ<br>ചേച്ചിയെ | അപ്പനെ<br>ഔവ്വനെ<br>അക്കനെ |
| സംയോജിക | ഓട് | ഒന്തിഗെ | രാജനോട്<br>നിന്നോട് | രാജനഒന്തിഗെ<br>നീ ഒന്തിഗെ |
| ഉപ്രേശിക | ഉ്,ക്ക് | ഗ് | സീതക്ക്<br>അവന്<br>രാജുവിന്<br>അവൾക്ക് | സീതഗ്<br>അവനഗ്<br>രാജുഗ്<br>അവഗ് |
| സംബന്ധിക | ഉടെ<br>ന്റെ | ന്ന | വീടിന്റെ<br>നിങ്ങളുടെ | മനന്ന<br>നിക്കന്ന |
| ആധാരിക | ഇൽ | ല്ല് | വയലിൽ<br>കാട്ടിൽ | ഗദ്ദെല്ല്<br>കാട്ല്ല് |

| | ഏകവചനം | ബഹുവചനം |
|---|---|---|
| ഉത്തമപുരുഷൻ | ഞാൻ=ന്നാ<br>എനിക്ക്=ന്നനഗ്<br>നി=ന്നീ | നമുക്ക്=നങ്കാറ്<br>നമ്മൾ=ന്നങ്ക<br>നിങ്ങൾ=നിങ്കാ |
| മദ്ധ്യമ പുരുഷൻ | നിങ്ങൾ=നിങ്ക<br>അവൻ=അവ | നിങ്ങൾക്ക്=നിങ്കാഗ്<br>അവർ=അവറ് |
| പ്രഥമ പുരുഷൻ | അവനെ=അവ്നെ<br>അവൾ=അവ<br>അവൾക്ക്=അവാഗ് | അവരെ=അവറ്നെ<br>അവർക്ക്=അവറ്ഗ് |

## പുല്ലിംഗം

| ഏകവചനം | ബഹുവചനം |
|---|---|
| ആൺ<br>ഗൺണ്ടു | ആൺകുട്ടികൾ<br>ഗൺണ്ടുമക്ക |
| പോത്ത്<br>പോത്തു | പോത്തുകൾ<br>പോത്തുഗാ |

## സ്ത്രീ ലിംഗം

| ഏകവചനം | ബഹുവചനം |
|---|---|
| പെൺ<br>ഹെണ്ണ് | പെൺകുട്ടികൾ<br>ഹെണ്ണ്മക്ക |
| അമ്മ<br>ഒവ്വെ | അമ്മമാർ<br>ഒവ്വെദിർ |
| പണിക്കാരി<br>കെൽസാകാരി | പണിക്കാരികൾ<br>കെൽസാക്കാറണ്ണ്ഗാ |

**നിഷേധ പ്രത്യയങ്ങൾ**

നിഷേധാർത്ഥങ്ങൾ ധ്വനിപ്പിക്കുന്ന പദങ്ങൾ-
കാണി, ബേഡാ, കാണെ, കാണെന്ന്

| | | |
|---|---|---|
| കാണി | - | ഇല്ല |
| ബേഡാ | - | വേണ്ട |
| കാണെ | - | ഇല്ല |
| കാണെന് | - | ഇല്ല |





- അവറ് ഇല്ലികാണി - അവർ ഇവിടെയില്ല
- നീകല്പദില്ലെ - നീ പഠിക്കുന്നില്ലേ
- നന്നഗ് ബുസ്തക കാണി - എനിക്ക് പുസ്തകമില്ല
- അല്ലിഗ് ഹോഗ ദില്ലെ - ഞാൻ അവിടേക്ക് പോകുന്നില്ല
- നാ കുളിപ്പതില്ലെ - ഞാൻ ഇരിക്കുന്നില്ല
- നീ ഓഗ ബഡാ - നീ പോകരുത്
- മക്കക്ലിപ്പാട്ടില്ലെ - കുട്ടികൾ പഠിക്കുന്നില്ല
- നന്നക്യ്ല് ഹണകാണി - എന്റെ കൈയ്യിൽ പണമില്ല
- ന്നനഗ് ഗൊത്തു കാണി - എനിക്കറിയില്ല
- അവര് ഇദ് എയ്ദദില്ലെ - അവൻ ഇത് എഴുതുന്നില്ല
- അവറ്ഗ് ഇബുസ്ദക ഹാവുസാ കാണി - അവർക്ക് ഈ പുസ്തകം ആവശ്യമില്ല
- ബാലന് ക്ല്പ്പദില്ലെ - ബാലൻ പഠിക്കുന്നില്ല
- ബാലന ക്ല്പ്പാദ് കാണി- ബാലൻ പഠിക്കുന്നില്ല

**നിഷേധരൂപങ്ങൾ**

| | |
|---|---|
| അരുത് | - ബേഡ |
| ചെയ്യരുത് | - മാടപൊട / മാടബ്ട |
| കാണിക്കരുത് | - തോറ് സബർദ് / തോറ് സബ്ട |
| കേൾക്കരുത് | - കേ്ളബർദ്/കേ്ളബ്ട |
| ചിരിക്കരുത് | - നഗെബ്ഡ / നെഗെയബർദ് |
| ചായ വേണ്ട | - സായബേ്ഡ |
| നീ എന്നെ കാണില്ല | - നീ നന്നെ കാണദ്ല്ലെ |
| പേടിയില്ല | - എള്ക്ക് കാണി / കാണെ |
| ബസ് നിർത്തിയില്ല | - ബസ് നിൽശിത്തില്ലെ |
| അവൻ പഠിക്കില്ല | - അവന്/അവക്ലിപ്പദില്ലെ |

നിരന്തര സംഭാഷണ സമ്പർക്കത്തിലൂടെ മാത്രമെ കന്നഡ സ്വാധീനമുള്ള കാട്ടുനായ്ക്കഭാഷയെ അടുത്തറിയുവാൻ നീയവ

| | |
|---|---|
| നിന്നഗ് ഹൊസ ബട്ടെ ഏശിദവ? | - നിനക്ക് പുതിയ വസ്ത്രം വാങ്ങിയോ? |
| നിന്നഗ് ഒപ്പിദ ആട്ട ഏവുദ? | - നിനക്ക് ഇഷ്ടമുള്ള കളി ഏതാണ്? |
| നിന്നഗ് ഒപ്പിദ നറ ഏവുദ? | - നിനക്ക് ഇഷ്ടമുള്ള നിറം ഏതാണ്? |
| ഏവ ഹുവ്വ് നിന്നഗ് ബാള ഇഷ്ട? | - ഏത് പൂവാണ് നിനക്ക് അധികം ഇഷ്ടം? |
| നിന്നഗ് തിമ്പലെ ഏന ബേക്ക്? | - നിനക്ക് തിന്നാൻ എന്തുവേണം? |
| നിന്നഗ് കുടിപ്പലെ ഏന ബേക്ക്? | - നിനക്ക് കുടിക്കാൻ എന്തുവേണം? |
| നിന്നഗ് കൊത്തിനെ ഇഷ്ടമ? | - നിങ്ങൾക്ക് പൂച്ചയെ ഇഷ്ടമാണോ? |
| നീ ഹ്ല്ല് ഉജ്ജിദെവ? | - നീ പല്ലു തേച്ചോ? |
| മൊകതൊളി ദെവ? | - മുഖം കഴുകിയോ? |
| നീറ് മി ദെവ? | - കുളിച്ചോ? |
| ബട്ടെ കുക്കി ദെവ? | - വസ്ത്രം കഴുകിയോ? |
| നാളെ നീറ് മീദൊട്ടു ബറക്ക് | - നാളെ കുളിച്ചിട്ട് വരണം |
| ഒവ്വെ കെല്സഗ് ഹോദവ | - അമ്മ പണിക്കുപോയോ |
| നിന്ന ഒപ്പെട്ടിഗെ നാള ഇത്തഗ് ബറലെഹാളക്ക് | - നിന്റെ അമ്മയോട് നാളെ ഇങ്ങോട്ടു വരാൻ പറയണം. |
| നെന്നെ നീ ഏന്ഗബന്തത്തില്ലെ | - ഇന്നലെ നീ എന്താണ് വരാത്തത് |
| ഇന്ന് യെല്ലാജിനന് ബറക്ക് | - ഇനി എല്ലാ ദിവസവും വരണം |
| നാളെ ഹോഗ ബൊദു | - നാളെ പോകാം |
| നങ്കന് ബ്രിത്തിനെ | - ഞങ്ങളും വരാം |





- നീയാണോ?

| | |
|---|---|
| അവ ബിരിത്തെളെവ? | - അവൾ വരുമോ? |
| ബൻതെവാ?/ ബറദവ? | - നീ വരുന്നുണ്ടോ? |

## നിഷേധരൂപം

| | |
|---|---|
| ബോഡ, മാട വൊട/ മാടബട | - അരുത്, ചെയ്യരുത് |
| തോറ്സബർദ്, | - കാണിക്കരുത് |
| കേള ബർദ്/കേളബ്ട | - കേൾക്കരുത് |
| നഗെബ്ഡ/നെഗെയ ബർദ് | - ചിരിക്കരുത് |
| ബേഡ- സായ ബേഡ | - വേണ്ട |
| പദന ബേ്ഡ | - പാട്ടുവേണ്ട |
| കാണി/കാണെ- നീ നന്നെ കാണദ്ല്ലെ | - ഇല്ല-നീ എന്നെ കാണില്ല |
| എ്ള്ക്ക് കാണി/കാണെ | - പേടിയില്ല |
| ബസ്സ് നിൽശിത്തില്ലെ | - ബസ് നിർത്തിയില്ല |
| അവന്/ അവ ക്ലിപ്പദില്ലെ | - അവൻ പഠിക്കില്ല |

### മഴയോ മഴ- മളെവേ മളെ

| | |
|---|---|
| അമ്മുഗ് കൊടെയേശിദറ് | - അമ്മുവിന് കുടവാങ്ങി |
| ഹൊസ്സാ കൊടെ പുള്ളികൊടെ | - പുതിയകുട പുള്ളികുട |
| മളെ ബ്രിറ്റെദവാ | - മഴവരുമോ |
| അമ്മു മോടക് നോടിദാ | - അമ്മു ആകാശത്തേക്ക് നോക്കി |
| മളെ ബ്ൻത്തില്ലെ | - മഴ വന്നില്ല |
| കൊടെ ബെരിവബൊദു | - കുട വരയ്ക്കാം |
| നിറകെടമൊദു | - നിറം കൊടുക്കാം |

| | |
|---|---|
| മളെ ബ്ൻത്ത് മളെ ബ്ൻത്ത് | - മഴ വന്നൂ മഴവന്നൂ |
| ഹ്ട്ടീത്തുമ്പാ മളെ നീറ് | - മുറ്റം നിറയെ മഴവെള്ളം |
| മളെ ബ്ട്ടത്ത് മളെ ബ്ട്ടത്ത് | - മഴതോർന്നു മഴതോർന്നു |
| മറ ബുദ്ദു ബറാദ് | - മരം ചായുന്നു |
| മളമാട്ടി ഹ്ക്കി എ്ഞ്ചിത | - മഞ്ഞക്കിളി പേടിച്ചു |
| മറ ഇദെയാ മ്റ്ജദ് | - മരമുണ്ടേ മറിയുന്നു |
| ബ്ട്ട് ഇദെയാ ഇടിയാദ് | - മലയുണ്ടേ ഇടിയുന്നു |
| ഹൊളെ ഇദെയാ മ്റ്ജദ് | - പുഴയുണ്ടേ കവിയുന്നു |
| ബലെ ബീശിദറ് | - വല വീശീ |
| ആമെ ബലേല് കുടിഗിത് | - ആമ വലയിൽ |
| കരേല് ബ്ദ്ക്കവറ് | - കരയിൽ ജീവിക്കുന്നവർ |
| നീറ്ല് ബ്ദ്ക്കവറ് | - വെള്ളത്തിൽ ജീവിക്കുന്നവർ |
| മളെ നോടലെ ഏന സന്ത | - മഴകാണാൻ എന്തു ഭംഗി |
| ഇന്ത് ഏവ ജിന | - ഇന്ന് ഏതു ദിവസമാണ് |
| നാശികെ വാ | - നാണമാണോ |
| ബയവാ / എ്ള്ക്ക് വാ | - പേടിയാണോ |
| നന്ന അപ്പന് ജേന് എ്ള്ത്തന് | - എന്റെ അച്ഛൻ തേൻ പറിച്ചു |
| നാന്/ നാ ജാറി ബ്ദ്ദെന് | - ഞാൻ തെന്നി വീണു |
| നന്നഗ് ഉച്ചെ അട്ടെലെ ഹോക്ക് | - എനിക്ക് മൂത്രമൊഴിക്കാൻ പോകണം |
| നന്നഗ് നീറ് മിയ്വലെ ഹോക്ക് | - എനിക്ക് കുളിക്കാൻ പോകണം |
| നങ്കഗ് ആടലെ ഹോഗോ | - നമുക്ക് കളിക്കാൻ പോകാം |
| നീ നന്ന പെനിസില് കണ്ടെവാ | - നീ എന്റെ പെൻസിൽ കണ്ടോ |





| | |
|---|---|
| സാറെ നിങ്ക നന്ന മനെഗ് ബ്റ്ദെവാ | - സാർ നിങ്ങൾ എന്റെ വീട്ടിൽ വരുമോ |
| അവന് ബറ്ല്/ മാനി ഹുല്ല് കെട്ടി ഇരിശിനാ | - അവൻ ചൂൽ/ മാനിപ്പുല്ല് കെട്ടിവെച്ചു |
| അവ ഇന്ത് ബ്ന്റദല്ലെ | - അവൾ ഇന്നു വന്നിട്ടില്ല |
| അവറ് ഗ്ഞ്ചി കുടിപ്പലെ ഹോദറ് | - അവർ കഞ്ഞികുടിക്കാൻ പോയി |
| അവറ്ഗ് നീറ് ശിക്കിത്തില്ലെ | - അവർക്ക് വെള്ളം കിട്ടിയില്ല |
| ഇദ് ഹൊസാ ബട്ടെയീഗല് | - ഇത് പുതിയ ഉടുപ്പാണ് |
| എദ്നന്ന പാത്ര യീഗല് | - അത് എന്റെ പാത്രമാണ് |
| ഇവറ് നന്നെ ആടലെ ബുഡലേ | - ഇവർ എന്നെ കളിക്കാൻ സമ്മതിക്കുന്നില്ല |
| ഇവറ് നന്നെ കുളിപ്പലെ ബുഡല്ലെ | - ഇവർ ഇന്നെ ഇരിക്കാൻ സമ്മതിക്കുന്നില്ല |
| അവറ് സ്ട്ട് മാടിതരെ | - അവർ ബഹളമുണ്ടാക്കുന്നു |
| എല്ലി ആനെയിദ്ദെദെ | - അവിടെ ആനയുണ്ട് |
| ഇല്ലി സേറ് ഇദ്ദെ | - ഇവിടെ ചെളിയുണ്ട് |

**സംഭാഷണ ശകലങ്ങൾ:-**

| | |
|---|---|
| നിന്ന ഹെസറ് ഏന? | - നിന്റെ പേര് എന്താണ്? |
| നിന്ന മനെ എല്ലാ? | - നിൻെറ വീട് എവിടെയാണ്? |
| നിന്ന മനെല് ഏറല്ല ഇറദ്? | - നിന്റെ വീട്ടിൽ ആരൊക്കെയാണ് ഉള്ളത്? |
| നിന്ന അപ്പന ഹെസറ് ഏന? | - നിന്റെ അച്ഛന്റെ പേരെന്താണ്? |
| നിന്ന അപ്പനഗ് ഏന കെൽസ? | - നിന്റെ അച്ഛന്എന്താണ് പണി |
| ഇന്ത് റഹാത്താരെല് ഏന തിന്തത്? | -ഇന്ന് രാവിലെ എന്താണ് കഴിച്ചത്? |
| നിന്നഗ് മുട്ടായി ഇഷ്ടമ? | - നിനക്ക് മിഠായി ഇഷ്ടമാണോ? |

| | | |
|---|---|---|
| സുരുളെ സൊപ്പ് | - | ചുരുളി |
| ഭൂതിസൊപ്പു | - | കുമ്പള ഇല |
| കരിബെസൊപ്പു/ ഉതുക്കസോപ്പു | - | കറിവേപ്പില |
| തഗത്തെ സൊപ്പു | - | തകരച്ചപ്പ് |
| ഹ്ഗസൊപ്പു | - | കൈപ്പച്ചപ്പ് |
| ഒനഗ്സൊപ്പു | - | പൊന്നാങ്കണ്ണി |
| നുങ്കെസൊപ്പു | - | മുരിങ്ങയില |
| ഇലെ | - | വെറ്റില |
| ഹൊഗെ | - | പുകയില |

**പലതരം തേനുകൾ**

| | | |
|---|---|---|
| 1. മറബായില് | - | തുടെ-പുറ്റുതേൻ |
| 2 മറജേനു | - | വൻതേൻ |
| 3. കാട്ജനു | - | കുളവിയുടെ കൂട്ടിൽ നിന്നും ലഭിക്കുന്നത് |
| 4. നെസ്സറ് | - | ചെറുതേൻ (കൊതുക് തേൻ) |
| 5. കടിജേനു | - | ചെറുതേൻ |
| 6. സെസ്സറു തുപ്പ | - | ചെറുതേൻ |
| 7. ഹുത്തുതുടെ | - | പുറ്റു തേൻ |

**തേൻ - പര്യായം**

ജേനു, തുടെ, തുപ്പ





| | |
|---|---|
| നിനഗ് ബയവ/എള്ക്കവ | - നിനക്ക് പേടിയാണോ |
| ഒളെളദായി ബെരി | - നല്ലവണ്ണം എഴുത് |
| ബായിസ് | - വായിക്ക് |
| ഹൊറഗെ ഹോക്കവ | - പുറത്ത് പോകണോ |
| നാ നിന്നെ ഹുയ്‌വദില്ലെ | - ഞാൻ നിന്നെ അടിക്കില്ല |
| നിന്നനൊണെക്കാറ്/ജൊത്തെ ക്കാറ് ഏറല്ല | - നിന്റെ കൂട്ടുകാർ ആരെല്ലാമാണ് |

**ചിലചോദ്യങ്ങൾ**

| | |
|---|---|
| അപ്പ ഏനല്ലാ ഏശി കൊടിത്തെന്നെ | - അച്ഛൻ എന്തെല്ലാം വാങ്ങിത്തരും |
| നിനക്ക് ബുസ്തഗ ഇദ്ദെവ | - നിനക്ക് പുസ്തകം ഉണ്ടോ |
| നിന്നഗ് കൊടെ ഇദ്ദെവ | - നിനക്ക് കുട ഉണ്ടോ |
| നിന്നഗ് കദെ കാളലെ ഇഷ്ടവ | - നിനക്ക് കഥ കേൾക്കാൻ ഇഷ്ടമാണോ |
| നിന്നഗ് ഹ്ക്കിഗനെ ഇഷ്ടവ | - നിനക്ക് പക്ഷികളെ ഇഷ്ടമാണോ |
| നാ നിന്നഗ് ഒളെള ഒൻന്തു കദെ ഹേ്ളികൊട്ടി | - ഞാൻ നിനക്ക് നല്ലൊരു കഥ പറഞ്ഞുതരാം |
| നിന്നഗ് പദന ഹാളലെ ഗൊത്തവ | - നിനക്ക് പാട്ടു പാടാൻ അറിയുമോ |
| നിന്നഗ് മനെല് ഏറ പദന ഹേ്ളി കൊടദ് | - നിനക്ക് വീട്ടിൽ ആരാണ് പാട്ടുപാടിത്തരുന്നത്. |
| ഹുല്ല് ഇഷ്ടവാ | - പൂവ് ഇഷ്ടമാണോ |
| നീ ആ പോട്ട നോഡ് | - നീയാ ചിത്രം നോക്ക് |
| ഒളെള സന്ത ഇറ പോട്ട | - നല്ല രസമുള്ള ചിത്രം |
| നിന്നഗ് നാളെ ഒന്തു പോട്ട കൊട്ടി | - നാളെ നിനക്കൊരു ചിത്രം തരാം |

നാ ഒന്തു പോട്ട ബെറ്ദ് കൊട്ടി - ഞാനൊരു ചിത്രം വരച്ചു തരാം
ബെറ്ദ് ക്ലിപ്പാക്കു - എഴുതി പഠിക്കണം
നിന്നഗ് ഇസ്കോള്ഗ് - നിനക്ക് സ്കൂളിൽ വരാൻ
ബറലെ ഇഷ്ടവ ഇഷ്ടമാണോ ?
ഒളെളന്ത് ബറ്ദ് കെലിയക്ക് - നന്നായി എഴുതി പഠിക്കണം
നിദ്ദെമാടക്കവ - ഉറങ്ങണോ
നന്നെ ഗോത്തവ - എന്നെ അറിയുമോ
എദ്ദി നില് - എഴുന്നേറ്റ് നിൽക്ക്
തിരിഗി നോടഡ് - തിരിഞ്ഞുനോക്ക്
ദനനെ നോഡ് - കാലിനോക്ക്
കാഗെ കിറ്സദ് - കാക്ക കരയുന്നു
നായി ബൊഗ്ളദ് - നായകുരയ്ക്കുന്നു
ബാഡ് തിൻദെവ - ഇറച്ചി തിന്നുമോ

## കായ്കനികൾ

| | | |
|---|---|---|
| തെങ്ങുന കായ് | - | തേങ്ങ |
| പപ്പകായ്/കർമൂശെ | - | കപ്പളങ്ങ |
| ബാളെഹണ്ണ് | - | വാഴപ്പഴം |
| സീയ ഹുളി | - | ഓറഞ്ച് |
| ഇംബി കായ് | - | നാരങ്ങ |
| ഉണിസെ ഹുളി | - | വാളൻ പുളി |
| ഹാഗല കായ്/ | | |
| ഹാർള കായ് | - | പാവക്ക |
| കൊടഹുളി | - | കൊടംപുളി |





| | | |
|---|---|---|
| ബെണ്ടകായ് | - | വെണ്ടക്ക |
| മുന്തിരി ഹണ്ണ് | - | മുന്തിരിപ്പഴം |
| നേർല് ഹണ്ണ് | - | ഞാവൽപ്പഴം |
| സംപഗെ ഹണ്ണ് | - | ചെമ്പകപ്പഴം |
| തട്സ് ഹണ്ണ് | - | ചടച്ചിപ്പഴം |
| സാഗഡെ ഹണ്ണ് | - | പൂവത്തിൻകാ |
| ഹെമ്പൽസ് ഹണ്ണ് | - | അയനിക്ക |
| ചൂരി ഹണ്ണ് | - | ചൂരിപ്പഴം |
| സൊട്ടെ ഹണ്ണ് | - | ചൊട്ടപ്പഴം |
| കൈദെ ഹൾസ് | - | കൈതച്ചക്ക (കാട്ടുകൈത) |
| ചെമ്പ് ഹണ്ണ് | - | ചേമ്പുങ്ക |
| സേമ്പ് ഹണ്ണ് | - | പേരക്കപ്പഴം |
| കാരെ ഹണ്ണ് | - | കാരപ്പഴം |
| എത്തി ഹണ്ണ് | - | അത്തിപ്പഴം |
| സാജ്ല് കായ് | - | താന്നിക്കായ |

## ഇലകൾ- ഹളെ

| | | |
|---|---|---|
| ഗണെക്കെ സൊപ്പു | - | കാക്കച്ചപ്പ് |
| കീരസൊപ്പു | - | ചീരച്ചപ്പ് |
| മുള്ളു കീരെ | - | മുള്ളൻ ചീര |
| തൊകരെ സൊപ്പു | - | തകര |
| കുമ്പളസൊപ്പു | - | മത്തയില |

| | | |
|---|---|---|
| കൂറ | - | കൂരൻ |
| ഉടു | - | ഉടുമ്പ് |
| ത്യ്രിഗെ | - | ഉറുമ്പുതീനി |
| കീറാ | - | കീരി |
| കോളി | - | കോഴി |
